# TRICHUR ARCHDIOCESAN BULLETIN

ആഗസ്റ്റ് 2026 | വാല്യം: 93 | ലക്കം: 08




അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവന്‍ നിങ്ങളോടു പറയുന്നതു ചെയ്യുവിന്‍ (യോഹ. 2:5)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

# ആദരാഞ്ജലികൾ



## റവ. ഫാ ജോളി ചിറമ്മൽ

| | |
|---|---|
| ജനനം | : 13.01.1958 |
| പൗരോഹിത്യം | : 26.12.1985 |
| മരണം | : 19.06.2026 |

Trichur Archdiocesan Bulletin
TAB

ESTD:1934

ആഗസ്റ്റ് 2026
ലക്കം: 08 | വാല്യം: 93

08

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesign.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 16 |
| സഹായമെത്രാന്റെ പരിപാടികൾ | 17 |
| നാളാഗമം | 18 |
| നാമകരണ നടപടികൾ | 25 |
| സാമ്പത്തിക കാര്യാലയം | 29 |
| വൈദികർ | 30 |
| സന്യസ്തർ | 34 |
| വിശ്വാസ പരിശീലനം | 43 |
| സ്ഥാപനങ്ങൾ | 51 |
| സംഘടനകൾ | 60 |



# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1589/2026
04/07/2026 C - 8

## പ്രതിഷേധസംഗമം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

ആതുരശുശ്രൂഷാരംഗം എന്നും സഭയുടെ സുപ്രധാനമായ കർമ്മവേദികളിലൊന്നാണ്. അതുവഴി സൗഖ്യദായകനായ ഈശോയോടൊപ്പം ശുശ്രൂഷകളിൽ വ്യാപരിക്കാൻ നമുക്ക് കഴിയുന്നു. നമ്മുടെ ആതുരശുശ്രൂഷാസ്ഥാപനങ്ങളെ സംബന്ധിച്ച് നിരവധിയായ വാർത്തകൾ പ്രചരിക്കുന്ന പശ്ചാത്തലത്തിലാണ് ഞാൻ നിങ്ങളുമായി സംവദിക്കുന്നത്.

75 വർഷത്തെ സേവനപാരമ്പര്യമുള്ള ആതുരശുശ്രൂഷാകേന്ദ്രമാണ് തൃശൂർ ജൂബിലി മിഷൻ ആശുപത്രി. അമല ആശുപത്രിക്ക് 48 വർഷത്തെ സേവന ചരിത്രവുമുണ്ട്. ഈ രണ്ട് ആശുപത്രികളും ചുരുങ്ങിയ ചെലവിൽ മികച്ച ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. നാളിതുവരെയും ഈ സ്ഥാപക ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെയാണ് ജൂബിലിയും അമലയും പ്രവർത്തിച്ചിട്ടുള്ളത്. സാധാരണ ജനങ്ങൾ ധാരാളമായി ഈ രണ്ട് ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നതിന്റെ കാരണവും മറ്റൊന്നല്ല. തൃശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവുകൾ ഒരു പരിധി വിട്ട് കൂടാതെ നിയന്ത്രിക്കുന്നതിലും നമ്മുടെ മിഷൻ ആശുപത്രികൾക്കുള്ള പങ്ക് ചെറുതല്ല.

പ്രവർത്തനമാരംഭിച്ച കാലംമുതൽ ജൂബിലിയും അമലയും നിരാലംബരായ രോഗികൾക്ക് നൽകി വരുന്ന എണ്ണമറ്റ ചികിത്സാ ആനുകൂല്യങ്ങൾ മനഃസാക്ഷിയുള്ള ആരും നിഷേധിക്കുമെന്ന് തോന്നുന്നില്ല. കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും നിർധനർക്ക് സമാശ്വാസമേകാൻ നമ്മുടെ രണ്ട് ആശുപത്രികളും

വിവിധ ഇനങ്ങളിലായി മാറ്റിവച്ചുക്കൊണ്ടിരിക്കുന്നത്.

ചുരുങ്ങിയ വരുമാനമുള്ളവർക്ക് അത്താണിയായി നിലകൊള്ളുന്ന ശുശ്രൂഷാകേന്ദ്രങ്ങളെന്ന നിലയിൽ ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നൽകുന്ന വേതനനിരക്കുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായല്ലാതെ വർദ്ധിപ്പിക്കാൻ കഴിയില്ലെന്ന് പറയേണ്ടതില്ലല്ലോ.

ഇപ്പോഴും കേരളത്തിലെ സ്വകാര്യമേഖലയിൽ ജോലിചെയ്യുന്ന നഴ്സുമാർക്ക് ഏറ്റവും ഉയർന്ന വേതനം കൃത്യമായി നൽകുന്ന ആശുപത്രികളിൽപെടുന്നതാണ് ജൂബിലിയും അമലയും എന്നതാണ് വാസ്തവം. ഇവിടങ്ങളിൽ ചികിത്സ തേടിയെത്തുന്ന ആയിരക്കണക്കിന് സാധാരണ രോഗികളുടെമേൽ അധിക സാമ്പത്തികഭാരം ചുമത്തി അവരെ ദുരിതത്തിലാക്കുന്നത് നമുക്ക് ന്യായീകരിക്കാൻ കഴിയില്ല. സമർപ്പണബുദ്ധിയോടെ ജോലി ചെയ്യുന്ന നഴ്സുമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതും പാവപ്പെട്ട രോഗികൾക്ക് വഹിക്കാൻ കഴിയുന്ന നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതുമായ നടപടികളേ നമുക്ക് കൈക്കൊള്ളാൻ കഴിയൂ.

തൊഴിലിടങ്ങളിൽ യു.എൻ.എ. നടത്തുന്ന സമരം തൃശൂർ അതിരൂപതാകേന്ദ്രത്തിലേയ്ക്ക് വ്യാപിപ്പിച്ചതും മാധ്യമങ്ങളിലൂടെ തല്പരകക്ഷികൾ അവഹേളനങ്ങളും ദുഷ്പ്രചരണങ്ങളും തുടരുന്നതും ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. യു. എൻ. എ. സമരം മൂലമുണ്ടായ സാഹചര്യങ്ങൾ വിലയിരുത്താൻ വൈദികരും അൽമായരും ഉൾപ്പെടുന്ന വിവിധ അതിരൂപതാ സമിതികൾ യോഗങ്ങൾ ചേർന്നിരുന്നു. പ്രസ്തുതയോഗങ്ങളിൽ തീരുമാനിച്ചതനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഏവരെയും അറിയിക്കുകയാണ്.

ജൂലൈ 5-ാം തിയ്യതി ഞായറാഴ്ച യു. എൻ. എ.യുടെയും സഭാവിരുദ്ധ ശക്തികളുടെയും അവഹേളനങ്ങൾക്കെതിരെയുള്ള പ്രതിഷേധദിനമായി നാം ആചരിക്കുകയാണ്. അന്നേദിവസം എല്ലാ ഇടവകകളിലും, വിശുദ്ധകുർബാന കഴിഞ്ഞ് പ്രതിനിധി യോഗാംഗങ്ങൾ, കുടുംബകൂട്ടായ്മഭാരവാഹികൾ, സംഘടന ഭാരവാഹികൾ, വിശ്വാസപരിശീലകർ എന്നിവരുടെ സംയുക്തയോഗം ചേർന്ന് യു. എൻ. എ. സമരവുമായി ബന്ധപ്പെട്ട് അതിരൂപത എടുക്കുന്ന നിലപാടിന്റെ കാര്യകാരണങ്ങൾ വിശദീകരിക്കുക. ഭരണാധികാരികൾക്ക് സമർപ്പിക്കാനായി തയ്യാറാക്കുന്ന നിവേദനത്തിൽ യോഗത്തിൽ സംബന്ധിക്കുന്നവരുടെ ഒപ്പിടുവിക്കുക. അന്നുതന്നെ വൈകീട്ടോ, സൗകര്യപ്രദമായ മറ്റൊരു സമയത്തോ, ഓരോ ഫൊറോനയിലെയും ഉചിതമായ ഒരു പൊതുസ്ഥലത്തുവച്ച് ഫൊറോനതല പ്രതിഷേധ-വിശദീകരണ സദസ്സ് സംഘടിപ്പിക്കുക.


ഇക്കാര്യങ്ങളെല്ലാം ക്രമമായി നടത്താൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുമല്ലോ.

ജൂലൈ 12-ാം തിയ്യതി ഞായറാഴ്ച, തൃശൂർ അതിരൂപതയെയും മിഷൻ ആശുപത്രികളെയും അവഹേളിക്കാനും അപകീർത്തിപ്പെടുത്താനും തകർക്കാനും ശ്രമിക്കുന്നതിനെതിരെ അതിരൂപതാതല പ്രതിരോധ സംഗമം സംഘടിപ്പിക്കുന്നുണ്ട്. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30 ന് തൃശൂർ ടൗൺഹാളിൽ വച്ചാണ് പ്രതിരോധ സംഗമം നടത്തുന്നത്. നമ്മുടെ ഐക്യവും കരുത്തും സഭയോടുള്ള പ്രതിബദ്ധതയും വിളിച്ചറിയിക്കുന്ന വിധത്തിൽ ജൂലൈ 12-ാം തിയ്യതിയിലെ പ്രതിരോധസംഗമത്തിൽ സംബന്ധിക്കാൻ ഏവരോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇടവകകളിൽ ഇതിനു വേണ്ടതായ ബോധവൽക്കരണം നടത്താനും ക്രമീകരണങ്ങൾ ചെയ്യാനും ബഹു. വികാരിയച്ചന്മാരും മറ്റ് ഉത്തരവാദിത്തങ്ങൾ വഹിക്കുന്നവരും പ്രത്യേകം ശ്രദ്ധിക്കണം.

ആതുരശുശ്രൂഷാരംഗത്ത് അർപ്പണബോധത്തോടെ സേവനം ചെയ്യുന്ന നഴ്സുമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും, ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് മിതമായ നിരക്കിൽ ലഭിച്ചുക്കൊണ്ടിരിക്കുന്ന അത്യാവശ്യ ചികിത്സാസൗകര്യം നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്നതിനും നാമൊരുമിച്ച് പ്രയത്നിക്കണമെന്ന് ഒരിക്കൽകൂടി ഏവരെയും ഓർമ്മപ്പെടുത്തുന്നു.

നമ്മുടെ രക്ഷകനും നാഥനുമായ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. പരിശുദ്ധ അമലോത്ഭവമാതാവിന്റെ മാദ്ധ്യസ്ഥ പ്രാർത്ഥനകൾ നമുക്ക് എന്നും തുണയായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2026 ജൂലൈ 5ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. + AT

# 2 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1658 / 2026 C - 9
16/ 07 / 2026

### വിയാനി ഭവൻ നിർമ്മാണം

ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയമുള്ള വത്സലമക്കളേ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും നമ്മുടെതന്നെ സഹോദരിയായ വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാളും ആചരിക്കപ്പെടുന്ന ആഗസ്റ്റ് മാസം നമുക്ക് ഏറെ പ്രിയപ്പെട്ടതാണ്. തിരുസഭയിൽ വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കപ്പെടുന്നതും ആഗസ്റ്റ് 4-ാം തിയ്യതിയാണെന്ന് നമുക്കറിയാമല്ലോ. പൗരോഹിത്യത്തെക്കുറിച്ചും പൗരോഹിത്യ ശുശ്രൂഷയെക്കുറിച്ചും നാം പ്രത്യേകം ചിന്തിക്കുന്ന ദിവസം കൂടിയാണത്. ഒരു വൈദികന്റെ വിശുദ്ധ ജീവിതവും തീക്ഷ്ണമായ ആത്മീയശുശ്രൂഷകളുംവഴി വളരെയധികം പേർ അനുഗ്രഹിക്കപ്പെടുമെന്ന് തെളിയിച്ച ജീവിതമായിരുന്നു വിശുദ്ധ ജോൺ മരിയ വിയാനിയുടേത്. തൃശൂർ അതിരൂപതയും തിരുസഭ മുഴുവനും, വിശുദ്ധ ജോൺ മരിയ വിയാനിയുടെ മാതൃക പിഞ്ചെല്ലുന്ന വൈദിക ദൈവവിളികളാൽ സമ്പന്നമാകാൻ പ്രത്യേകം പ്രാർത്ഥിക്കണമെന്നുകൂടി ഈയവസരത്തിൽ ഏവരെയും ഞാൻ ഓർമ്മിപ്പിക്കുന്നു.

നാളിതുവരെയും തൃശൂർ അതിരൂപതയിലെ ദൈവജനത്തിന് ആത്മീയശുശ്രൂഷകൾ നൽകാനും പൊതുസമൂഹത്തിന്റെ നന്മയ്ക്കായി യത്നിക്കാനും സമർപ്പണ ചൈതന്യമുള്ള വൈദികരെ നൽകിക്കൊണ്ടിരിക്കുന്ന നല്ല ദൈവത്തിന് നമുക്ക് നന്ദി പറയാം. തങ്ങളെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ സ്നേഹത്തോടെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്ന മഹിതപാരമ്പര്യമാണ് തൃശൂർ അതിരൂപതയിലെ ദൈവജനത്തിനുള്ളത്. ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന കാലമൊക്കെയും വൈദികരുടെ ക്ഷേമം ഉറപ്പാക്കാൻ നിങ്ങളോരോരുത്തരും ചെയ്യുന്ന പരിശ്രമങ്ങളെ ഞാനെന്നും ഏറെ

നന്ദിയോടെയും കടപ്പാടോടും കൂടെയാണ് ഓർക്കുന്നത്. ജീവിതസായാഹ്നത്തിൽ വിശ്രമത്തിലേക്ക് പ്രവേശിക്കുന്ന വൈദികർക്ക് ആവശ്യമായ പരിചരണവും സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിലേക്കുകൂടി നിങ്ങളോരോരുത്തരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഔദ്യോഗിക ശുശ്രൂഷകളിൽ നിന്ന് വിരമിക്കുന്ന വൈദികർക്കായി, ഇപ്പോൾ ജൂബിലി മിഷൻ ആശുപത്രി സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ, 1947 ലാണ് സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോം എന്ന വൈദികമന്ദിരം നമ്മുടെ പൂർവ്വികർ പണികഴിപ്പിച്ചത്. നമ്മുടെ ആദരണീയരായ ധാരാളം വൈദികർ പ്രാർത്ഥനയിലും കൂട്ടായ്മയിലും ജീവിച്ച് നല്ല മരണത്തിനൊരുങ്ങിയത് അവിടെ വച്ചാണ്. വിശ്രമജീവിതം നയിക്കുന്ന വൈദികരുടെ എണ്ണം വർദ്ധിച്ചപ്പോൾ 2007 ൽ ചേറൂരിൽ വിയാനി ഭവൻ എന്ന മറ്റൊരു വൈദികമന്ദിരം കൂടി നാം നിർമ്മിക്കുകയുണ്ടായി. ജൂബിലി മിഷൻ ആശുപത്രിയോടു ചേർന്നുള്ള വൈദികമന്ദിരത്തിന്റെ കാലപ്പഴക്കവും മറ്റ് പരിമിതികളും പരിഗണിച്ചപ്പോൾ, ചേറൂരിൽ വിയാനി ഭവനോടു ചേർന്ന് മറ്റൊരു വൈദികമന്ദിരം പണിത്, വിരമിക്കുന്ന വൈദികർക്കു വേണ്ടതായ സൗകര്യങ്ങളൊരുക്കേണ്ട സാഹചര്യമുണ്ടായി. അതിൻപ്രകാരം 2025 ആഗസ്റ്റ് 4-ാം തിയ്യതി, വിശുദ്ധ ജോൺ മരിയവിയാനിയുടെ തിരുനാൾ ദിനത്തിൽ, പുതിയ വൈദിക വിശ്രമമന്ദിരത്തിന്റെ അടിസ്ഥാനശില ആശീർവ്വദിച്ച് സ്ഥാപിച്ച് നിർമ്മാണജോലികൾ ആരംഭിച്ചു. നാല്പത് വൈദികർക്ക് വിശ്രമജീവിതം നയിക്കാൻ കഴിയുന്ന വിധത്തിലുള്ള ഭവനമാണ് പണിതുകൊണ്ടിരിക്കുന്നത്.

കെട്ടിടനിർമ്മാണം ഭാരിച്ച ചെലവുള്ള കാര്യമാണെന്ന് നമുക്കറിയാമല്ലോ. അതിനുവേണ്ട ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി തൃശൂർ അതിരൂപതാംഗങ്ങളായ എല്ലാ വൈദികരും തിരുപ്പട്ടം സ്വീകരിച്ച വർഷം മാനദണ്ഡമാക്കി നിശ്ചിത സംഖ്യ സംഭാവന ചെയ്തിട്ടുണ്ട്. നിർമ്മാണജോലികൾ ഇനിയും പൂർത്തിയാക്കാനുള്ളതിനാൽ താഴെ പറയുന്ന രീതികളിൽ നിങ്ങളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്:

1) വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4-ാം തിയ്യതി കഴിഞ്ഞു വരുന്ന ഞായറാഴ്ച (2026 ആഗസ്റ്റ് 9)യിലെ സ്തോത്രകാഴ്ച ഈ നിയോഗത്തിനായി സമർപ്പിക്കുക.

2) ഇടവകകളും വ്യക്തികളും അവരവരുടെ സാമ്പത്തിക സ്ഥിതിക്കനുസൃതം സാധിക്കാവുന്ന സംഖ്യ ഔദാര്യത്തോടെ ഈയാവശ്യത്തിലേക്കായി സംഭാവന ചെയ്യുക. ഈ വിധത്തിൽ

5 ലക്ഷംരൂപ മുതൽ സംഭാവന നൽകുന്ന ഇടവകകളെയും വ്യക്തികളെയും പ്രത്യേകം അനുസ്മരിക്കുന്നതും ആദരിക്കുന്നതുമാണ്.

വിശ്വാസികളുടെയും പൊതുസമൂഹത്തിന്റെയും ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി ആരോഗ്യമുള്ളിടത്തോളംകാലം അധ്വാനിച്ച നമ്മുടെ ബഹു. വൈദികർക്ക് അവസാന നാളുകളിലെ വിശ്രമത്തിനാവശ്യമായ ഭവനം നിർമ്മിക്കുന്നതിൽ ഏവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

വൈദികജീവിതത്തിലേക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും അതിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവരെയും ഈ സമയം ഞാൻ നന്ദിയോടെ ഓർക്കുന്നു. നിത്യപുരോഹിതനായ ഈശോ ഏവരെയും അനുഗ്രഹിക്കട്ടെ. വൈദികരുടെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെയും പ്രാർത്ഥനകൾ നമുക്കെന്നും തുണയായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews mar Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

N.B.:

1) ഈ സർക്കുലർ 2026 ജൂലായ് 26 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

2) 2026 ആഗസ്റ്റ് 9 ഞായറാഴ്ചയിലെ സ്തോത്രകാഴ്ചയും വിയാനി ഭവന്റെ നിർമ്മാണത്തിനായി വ്യക്തികളോ, ഇടവകകളോ, സ്ഥാപനങ്ങളോ നൽകുന്ന സംഭാവനകളും കഴിവതുംവേഗം അതിരൂപത കാര്യാലയത്തിൽ ഏല്പിക്കുമല്ലോ. + AT

# 3 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1659 / 2026 / 16/ 07 / 2026 C - 10

### വി. എവുപ്രാസ്യായുടെ തിരുനാൾ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

പ്രാർത്ഥനയാലും ആത്മത്യാഗത്താലും പരിപോഷിപ്പിക്കപ്പെട്ട്, ജീവിതം പരിശുദ്ധിയിൽ സ്ഫുടം ചെയ്ത സുകൃതിനിയായ വി. എവുപ്രാസ്യമ്മയുടെ 20-ാമത് തിരുനാൾ ആഘോഷിക്കാൻ നാം തയ്യാറെടുക്കുകയാണല്ലോ. ആഗോള കത്തോലിക്കാ സഭയിലെ ഒരു വിശുദ്ധ എന്നതിലുപരി, തൃശൂർ അതിരൂപതയിലെ ആദ്യത്തെ വിശുദ്ധ എന്നുള്ള സ്വകാര്യ അഭിമാനം നമുക്കുമാത്രം സ്വന്തമായതാണ്. ഈ കാലഘട്ടത്തിലും അനുകരിക്കാനും സ്വന്തമാക്കാനും പറ്റിയ സുകൃതജീവിതത്തിന്റെ ഉടമ എന്ന നിലയിൽ, എവുപ്രാസ്യമ്മ നമ്മുടെ കുടുംബങ്ങൾക്കും, ഈ തലമുറക്കും മാതൃകയും മധ്യസ്ഥയുമാണ്.

ആശ്രമത്തിന്റെ മതിൽക്കെട്ടിനുള്ളിലായിരുന്നെങ്കിലും, ഒന്നും രണ്ടും ലോകമഹായുദ്ധത്തിന്റെ അസ്വസ്ഥതകളും, ദാരിദ്ര്യവും അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിയാണ് എവുപ്രാസ്യമ്മ. ലോകം മുഴുവൻ വീണ്ടും യുദ്ധഭീതിയിൽ ആയിരിക്കുന്ന ഈ അവസരത്തിൽ, ലോകസമാധാനത്തിന് വേണ്ടി വി. എവുപ്രാസ്യയുടെ മധ്യസ്ഥം നമുക്ക് യാചിക്കാം. സഹിക്കാനുള്ള ശക്തി തനിക്ക് ലഭിച്ചിരുന്നത് പരിശുദ്ധ കുർബാന സ്വീകരണത്തിൽ നിന്നാണെന്ന് വിശുദ്ധ എവുപ്രാസ്യ പറയുന്നു. നമുക്കും വിശുദ്ധയെപ്പോലെ വിശുദ്ധ കുർബാനയിൽ നിന്ന് ശക്തി സ്വീകരിച്ച് അനുദിനജീവിത പ്രതിസന്ധികളെ തരണം ചെയ്യാം.


യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ, വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ 2026 ആഗസ്റ്റ് 29ന് ഒല്ലൂർ വി. എവുപ്രാസ്യാ അതിരൂപതാതീർത്ഥകേന്ദ്രത്തിൽവച്ച് സാഘോഷം കൊണ്ടാടുന്ന വിവരം അറിയിക്കുന്നു. അതിനൊരുക്കമായി ആഗസ്റ്റ് 20 മുതൽ ആരംഭിക്കുന്ന നൊവേന ദിവസങ്ങളും തിരുനാളും, നമുക്ക് വി. എവുപ്രാസ്യാമ്മയുടെ ജീവിതവിശുദ്ധിയിൽ പങ്കുപറ്റാൻ ദൈവം ഒരുക്കിതരുന്ന വിശുദ്ധദിനങ്ങളാണ്. ആഗസ്റ്റ് 29 ന് ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപത തീർഥകേന്ദ്രത്തിൽവെച്ച് നടത്തപ്പെടുന്ന തിരുനാൾ ആഘോഷ പരിപാടികളിൽ, തൃശൂർ അതിരൂപതയിലെ വിശ്വാസ സമൂഹം മുഴുവൻ എത്തിച്ചേർന്ന്, ധാരാളം അനുഗ്രഹങ്ങൾ സ്വന്തമാക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. സ്വാർഥത കൂടിവരുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ എവുപ്രാസ്യമ്മ ഉയർത്തിക്കാട്ടുന്ന വി. കുർബാനയോടുള്ള സ്നേഹം നമുക്കും സ്വന്തമാക്കാം. സമകാലിക വെല്ലുവിളികളെ അതിജീവിക്കാൻ ഇവയോളം ശക്തി മറ്റൊന്നിനും ഇല്ലെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു.

തിരുനാളുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ആഗസ്റ്റ് 9 ന് രാവിലെ, വിശ്വാസത്തിന്റെ ഈറ്റില്ലമായ പാലയൂരിൽ നിന്നാണ് ഈ വർഷത്തെ തിരുനാൾ വിളംബരജാഥ ആരംഭിക്കുന്നത്. തിരുനാളിന്റെ ആരംഭത്തിൽ തീർഥകേന്ദ്രത്തിൽ ഉയർത്താനുള്ള പതാക വിശുദ്ധ എവുപ്രാസ്യമ്മ മാമ്മോദീസ സ്വീകരിച്ച എടത്തിരുത്തി പരിശുദ്ധ കർമലമാതാവിന്റെ ദൈവാലയത്തിൽനിന്ന് ഓഗസ്റ്റ് 16 ന് കൊണ്ടുവന്ന് അൾത്താരയിൽ സമർപ്പിച്ച് വിശുദ്ധ കുർബാന അർപ്പിക്കും. ആഗസ്റ്റ് 29ന് രാവിലെ 10 മണിക്കാണ് തിരുനാൾ തിരുക്കർമങ്ങൾ ആരംഭിക്കുന്നത്. തീർഥകേന്ദ്രത്തിൽ എത്തിച്ചേരുന്നവരുടെ സൗകര്യാർഥം തുടർച്ചയായി തിരുക്കർമങ്ങളും പ്രാർഥനാശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. ഏകദേശം 12 മണിയോടെ, തീർഥ കേന്ദ്രത്തിൽനിന്ന് ജപമാല പ്രദക്ഷിണം ആരംഭിക്കുന്നു. ഒല്ലൂർ എത്തിച്ചേരുന്ന മുഴുവൻ വിശ്വാസികൾക്കും വേണ്ടി രാവിലെ 8 മുതൽ 5 മണിവരെ ഊട്ടുനേർച്ചയും ഒരുക്കിയിട്ടുണ്ട്.

വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാളിനൊരുക്കമായുള്ള നൊവേന പ്രാർത്ഥനകളിലും തിരുനാൾ തിരുക്കർമ്മങ്ങളിലും പങ്കെടുത്ത് വിശുദ്ധയുടെ മാധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം. ജീവിച്ചിരുന്ന കാലഘട്ടത്തിൽ ഏവർക്കും വേണ്ടി പ്രാർത്ഥിച്ചിരുന്ന

വി. എവുപ്രാസ്യാമ്മ ഇന്നും നമുക്കുവേണ്ടി മദ്ധ്യസ്ഥയായി നിലകൊള്ളട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ടും നിർത്തുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

N.B.: ഈ സർക്കുലർ 16/08/2026 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +AT

ധനികനായ യുവാവ്

**എൻെറ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും**

**(മത്താ. 19, 29)**

# സർക്കുലർ

No: 4227/K-5/KCBC/OL/DS
16.07.2026

## ജസ്റ്റിസ് സൺഡേ (നീതി ഞായർ)
## 2026 ആഗസ്റ്റ് 16

കെസിബിസി എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ
പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ മധുര സ്മരണകൾ അയവിറക്കുന്ന ഈ വേളയിലും ഭാരതത്തിലെ പൗരന്മാരായ ദളിത് ക്രൈസ്തവർ പലവിധത്തിൽ അടിമത്വത്തിലും അവഗണനയിലും കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് സഭാസമൂഹം ആഴത്തിൽ ചിന്തിക്കുന്നതിനും അവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയാണ് ആഗസ്റ്റ് 15ന് ശേഷം വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ' ആയി സഭ ആചരിക്കുവാൻ CBCI (ഭാരത കത്തോലിക്ക മെത്രാൻ സമിതി) 1986ൽ തീരുമാനം എടുത്തത്. ഈ വർഷം ആഗസ്റ്റ് 16ാം തീയതി ജസ്റ്റിസ് സൺഡേ ആയി നാം ആചരിക്കുകയാണ്.

ജാതിയുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട അവശ ലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകളും പരിരക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും 1950ലെ പട്ടികജാതി ഉത്തരവിൻ പ്രകാരം മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും, പ്രത്യേക സംരക്ഷണവും പ്രസ്തുത വിഭാഗത്തിലെ ഹിന്ദു, സിഖ്, ബുദ്ധ മത വിശ്വാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. തത്ഫലമായി ഇന്ത്യയിലെ പട്ടികജാതി വംശജരായ ക്രിസ്ത്യാനികൾക്ക് പട്ടികജാതിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇത് വെറും മതവിവേചനമല്ല പ്രസ്തുത പരോക്ഷമായ മത പീഡനമാണ്. ഈ നടപടി അപരിഷ്കൃതവും, വിവേചനപരവും നിന്ദ്യവുമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘന

വും ഭാരതത്തിന്റെ മതേതരത്വത്തിന് കളങ്കം ചാർത്തുന്ന തീരുമാനവുമാണ്.

ക്രിസ്തുമത വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മതേതര രാജ്യമായ ഭാരതത്തിൽ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും അവഗണനയും വിവേചനവും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ദളിത് ക്രൈസ്തവർക്ക് സമൂഹത്തിൽ നീതിയും പരിരക്ഷയും ലഭിക്കുകയുള്ളു. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു. ഈ ആവശ്യത്തിലേക്ക് സഭാമക്കൾ എല്ലാവരുടെയും കൂട്ടായ പരിശ്രമവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയിൽ കേരള സഭ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. എങ്കിലും അവരുടെ ഉയർച്ചക്കായി സഭ ഇനിയും കൂടുതൽ ചെയ്യേണ്ടിയിരിക്കുന്നു. KCBC SC, ST/ BC കമ്മീഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ രൂപതകളും വിദ്യാർത്ഥികൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും ചെയ്തുവരുന്നു. യോഗ്യതയുള്ള ദളിത് ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിലെ തസ്തികകളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ദളിത് ക്രൈസ്തവരുടെ പ്രശ്നം നമ്മുടെ സഭയുടെ മുഴുവൻ പ്രശ്നമായി ഏറ്റെടുക്കുകയും അവരോടുള്ള നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്തുകയും മുൻവിധി കൂടാതെ അവരോട് കരുണാപൂർവ്വം പെരുമാറുകയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങളും സഹായ സഹകരണങ്ങളും നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദളിത് ക്രൈസ്തവരുടെ ക്ഷേമത്തിനായി KCBCയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന ഒരു സംഘടനയാണ് DCMS (ദളിത് കത്തോലിക്കാ മഹാജന സഭ). സംഘടനയുടെ ശാഖകൾ ഇല്ലാത്ത ദളിത് ക്രൈസ്തവരുള്ള ഇടവകകളിൽ അവ രൂപീകരിച്ച് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ ശാക്തീകരണത്തിന് SC, ST / BC കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന അക്കാദമികവും കലാപരവുമായ നാല് പദ്ധതികൾ T.S.D.T.P ഡവലപ്പ്മെന്റ് ടാലന്റ് പ്രോഗ്രാം, സിംഫണി, കരിയർ ഓറിയന്റേഷൻ, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഉടൻ പ്രായോഗികമാക്കുവാൻ

വേണ്ട നടപടികൾ സ്വീകരിച്ചു വരുകയാണ്. ജെ.ബി. കോശി കമ്മീഷൻ ദളിത് ക്രൈസ്തവർക്കുവേണ്ടി നൽകിയ ശുപാർശ നടപ്പിലാക്കുവാൻ സർക്കാരിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. നീതി ഞായറായി ഈ വർഷം ആഘോഷിക്കുന്ന ഓഗസ്റ്റ് 16ാം തീയതി കേരള കത്തോലിക്കാ സഭയിലെ ഇടവകകളിൽ DCMS പതാക ഉയർത്തുകയും ഈ ദിവസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ ബോധവത്കരിക്കുകയും, പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കാരണം നമ്മുടെ ദളിത് കത്തോലിക്ക സഹോദരങ്ങൾ സഭാഗാത്രത്തിന്റെ അഭിഭാജ്യ ഘടകമാണല്ലോ. അന്നത്തെ സ്തോത്ര കാഴ്ച പ്രത്യേകമായി നമ്മുടെ ദളിത് സഹോദരങ്ങളുടെ ശാക്തീകരണത്തിനായി മാറ്റി വയ്ക്കപ്പെടുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ
**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
വൈസ്ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ
**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ**
വൈസ്ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

N:B: 2026 ആഗസ്റ്റ് 16-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**ആഗസ്റ്റ് 2026**

1 : പതിനഞ്ചു നോമ്പാരംഭം
വിശുദ്ധ അൽഫോൻസ് ലിഗോരി
2 : കൈത്താ നാലാം ഞായർ
4 : വിശുദ്ധ ജോൺ മരിയ വിയാനി
6 : നമ്മുടെ കർത്താവീശോമിശിഹായുടെ
രൂപാന്തരീകരണം
7 : ആദ്യവെള്ളി
8 : വിശുദ്ധ ഡൊമിനിക്
9 : കൈത്താ അഞ്ചാം ഞായർ
11: വിശുദ്ധ ക്ലാര
14: വിശുദ്ധ ശ്മോനിയും ഏഴു മക്കളും
വിശുദ്ധ മാക്സ്മില്യൻ കോൾബേ
15: പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം
ഇന്ത്യൻ സ്വാതന്ത്ര്യദിനം
16: കൈത്താ ആറാം ഞായർ
21: വിശുദ്ധ ശെമയോൻ ബർസബായും
സഹരക്തസാക്ഷികളും
വി. പത്താം പിയൂസ് മാർപാപ്പ
23: കൈത്താ ഏഴാം ഞായർ
24: വിശുദ്ധ ബർത്തലോമിയോ ശ്ലീഹാ
28: വിശുദ്ധ അഗസ്റ്റിൻ
29: വിശുദ്ധ എവുപ്രാസ്യ
30: ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ ഒന്നാം ഞായർ

**2. ആഗസ്റ്റ് മാസത്തെ പരിപാടികൾ**

ആഗസ്റ്റ് 15 : മതബോധന മെറിറ്റ് ഡേ

ആഗസ്റ്റ് 23 : ആലോചനസമിതി യോഗം (10:30 am)

**3. ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ**

ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ ദ്വിതീയാഗമനത്തിനു മുമ്പ് ആകാശമധ്യത്തിൽ മഹത്വപൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് ഈശോ പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ വിജയവും ഈ കാലത്തിൽ നാം പ്രത്യേകം അനുസ്മരിക്കുന്നു.

സത്യദൈവത്തിന്റെ പ്രവാചകരെയും അവരിലൂടെ ദൈവം നൽകിയ ആഹ്വാനങ്ങളെയും സന്ദേശങ്ങളെയും ഉൾക്കൊണ്ട്, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച്, കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങാൻ ഈ കാലത്തിൽ സഭ നമ്മെ ക്ഷണിക്കുന്നു. കുരിശിൽ മരിച്ച് ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് പ്രവേശിച്ചവനെ അനുഗമിക്കുന്നവരും കുരിശു വഹിക്കണം എന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

**4. വാർഷിക തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2026 ആഗസ്റ്റ് 3-ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത് (2026 ജൂൺ മാസത്തെ സാമ്പത്തിക കാര്യാലയം പേജുകൾ കാണുക). അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്; ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല.

**5. വൈദികരുടെ വാർഷികധ്യാനം :**

സെപ്തംബർ 13-18 : രണ്ടാം ബാച്ച് (ജറുസലെം ധ്യാനകേന്ദ്രം)

സെപ്തംബർ 27-ഒക്ടോബർ 2 : മൂന്നാം ബാച്ച് (മേരിമാത മേജർ സെമിനാരി)

**6. വൈദികനിയമനം:**

1. ഫാ. ഫിനോഷ് കീറ്റിക്ക - ചികിത്സാവധി; വികാരി അമല നഗർ & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി; സാധുത 2026 ജൂൺ 1 മുതൽ.

2. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് - വികാരി -ഇൻ-ചാർജ്ജ് അമല

നഗർ & കല്ലോൻ സി. എച്ച്. എഫ്. കൂടി; സാധുത 2026 ജൂൺ 1 മുതൽ 30 വരെ

3. ഫാ. വർഗ്ഗീസ് കരിപ്പേരി – വികാരി അമല നഗർ & കല്ലോൻ സി. എച്ച്. എഫ്. കൂടി; സാധുത 2026 ജൂൺ 30 മുതൽ

4. ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി – മുല്ലശ്ശേരി ഗുഡ് ഷെപ്പേർഡ് സ്കൂളിൽ ടീച്ചർ കൂടി; സാധുത 2026 ജൂൺ 1 മുതൽ.

5. ഫാ. റോജർ തരകൻ – തലോർ ഇടവകയിൽ ബലിയർപ്പണം കൂടി; കല്ലോൻ ലിറ്റിൽ ഫ്ളവർ സി. എസ്. എം. ഒഴിവായി; സാധുത 2026 ജൂൺ 10 മുതൽ.

6. ഫാ. ജിജോ കപ്പിലാംനിരപ്പേൽ – ബലിയർപ്പണം ലിറ്റിൽ ഫ്ളവർ സി. എസ്. എം. മഠം കൂടി; സാധുത 2026 ജൂൺ 10 മുതൽ.

7. ഫാ. ജോസ് ചിറപ്പണത്ത് CMI– കല്ലോൻ അടുപ്പുട്ടി എഫ്. സി. സി. മഠം ഒഴിവായി; സാധുത 2026 ജൂൺ 18 മുതൽ.

8. ഫാ. സെൽജോ വെളിയന്നൂക്കാരൻ CMI– കല്ലോൻ അടുപ്പുട്ടി എഫ്. സി. സി. മഠം; സാധുത 2026 ജൂൺ 18 മുതൽ.

9. ഡീ. മാത്യു വെളിയത്ത് – ഡീക്കൻ മിനിസ്ട്രി അവിണിശ്ശേരി; സാധുത 2026 ജൂൺ 14 മുതൽ നവംബർ 15 വരെ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

"സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട്
ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ,
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുകയില്ല
(മത്തായി 18 : 3 )"

# ENGAGEMENTS

**AUGUST 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | Afternoon | Teachers Guild Merit Day @ Family Apostolate |
| 2 | Sun | Morning | Catechism Teachers Seminar Inaugration @ DBCLC |
| 3-7 | | | KCBC Retreat |
| 8 | Sat | Morning | Graduation Ceremony @ Jyothi Engineering College |
| | | Afternoon | School Catechism Award Day Inaugration @ DBCLC |
| 9 | Sun | Afternoon | Pithrevedhi Award Day @ Family Apostolate |
| 10 | Mon | Morning | Holy Mass @ Marymatha |
| | | Morning | Academic Year Inauguration @ Jyothi Engineering College |
| 11 | Tue | Morning | Jubilee Celebration & Holy Mass @Mannampetta CSM Generelate |
| 12 | Wed | Evening | JMMC Trust Meeting |
| 13 | Thu | Morning | Holy Mass @ Minor Seminary |
| | | Morning | Consultors Meeting @ ABPH |
| 14 | Fri | Morning | Holy Mass @ Pre Cana |
| 15 | Sat | Afternoon | Catechism Merit Day @ DBCLC |
| 17- 28 | | Mon – Fri | Syro Malabar Bishop's Synod |
| 29 | Sat | Evening | Holy Mass @ St. Euphrasia Shrine Ollur |
| 30 | Sun | Morning | Catechism Teachers Seminar Inaugration @ DBCLC |

## ENGAGEMENTS

**AUGUST 2026**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 3 - 7 | Mon - Fri | | K.C.B.C. Meeting @ POC |
| 8 | Sat | Morning | 4th Child Baptism @ Pullazhy |
| | | | Holy Mass @ Kuttur Schoenstt Fathers |
| | | Afternoon | CHF Vestition & First Profession @ Thalore |
| | | Evening | Pastoral Visit Eve @ Chirakkekode |
| 9 | Sun | | Pastoral Visit @ Chirakkekode |
| 10 | Mon | Morning | Holy Mass @ Minor Seminary |
| | | Evening | Holy Mass @ Palakkal |
| 11 | Tue | Morning | 4th Child Baptism @ Pallikkunnu |
| | | Evening | Convention Talk @ Chiyyaram Vijayamatha |
| 12 | Wed | Morning | 4th Child Baptism @ Thiroor |
| | | | Holy Mass in rememberance of Bp Cheenath @ Pallissery |
| | | Evening | Trust Meeting @ STC |
| | | | Trust Meeting @ JMMC |
| 13 | Thu | Morning | Consultors' Meeting @ ABH |
| 14 | Fri | Morning | Holy Mass @ Marymatha |
| 15 | Sat | Afternoon | Catechism Award Day @ DBCLC |
| 16 | Sun | Morning | Holy Mass @ Ollur St.Euphrasia Shrine |
| 17 – 28 | | Mon - Fri | Syro Malabar Bishops' Synod @ Kakkanad |
| 29 | Sat | Morning | 4th Child Baptism @ Mullakkara |
| 30 | Sun | Evening | Parish Day @ Thriprayar |
| 31 | Mon | Morning | Holy Mass @ CMC Carmel Santhidam |



# നാളാഗമം

## ജൂൺ 2026

1 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചെവ്വൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി.

2-4 അഭിവന്ദ്യ പിതാക്കന്മാർ എറണാകുളം പി. ഒ. സി. യിൽ കൂടിയ കെ. സി. ബി. സി. യുടെ മീറ്റിംഗിങ്ങിൽ പങ്കെടുത്തു.

5 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു അതിരൂപത കാര്യാലയത്തിൽ മറ്റു ബഹുമാനപ്പെട്ട വൈദീകരോടും സ്റ്റാഫിനോടും കൂടെ വൃക്ഷതൈകൾ നട്ടു. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ ആശുപത്രിയിൽ രോഗികളായി കഴിയുന്ന ഏതാനും വൈദികരെ സന്ദർശിച്ചു അവർക്കുവേണ്ടി പ്രാർത്ഥിച്ചു. വൈകീട്ട് അതിരൂപത ഭവനത്തിൽ വച്ച് നടത്തിയ ഫിനാൻസ് കൗൺസിലിന്റെ മീറ്റിങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തോട്ടത്തിൽ ലൈൻ ക്രിസ്തുദാസി മഠത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കോതമംഗലം രൂപതാംഗമായ വാരികാട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ

പങ്കെടുത്തു. കെ. സി. ബി. സി. ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ ഓൺലൈൻ ആയും പങ്കെടുത്തു.

6 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഗുരുകുലം സെമിനാരിയിലെ പുതിയ അധ്യയന വർഷത്തിന് ആരംഭം കുറിച്ചുകൊണ്ട് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചക്കുശേഷം അതിരൂപതഭവനത്തിൽ നടത്തിയ പറോക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാത്രമംഗലം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. വൈകിട്ട് കുഴിക്കാട്ടുശ്ശേരി വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാളിന് ഒരുക്കമായ നവനാൾ തിരുക്കർമ്മങ്ങളിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

7 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പൂമല ഇടവക ദൈവാലയിൽ വിശ്വാസപരിശീല വർഷാരംഭത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിക്കുകയും വർഷാരംഭം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകിട്ട് കോളങ്ങാട്ടുകര ഇടവകയിൽ നടന്ന കൊട്ടേക്കാട് ഫൊറോനയിലെ വലിയ കുടുംബങ്ങളുടെ സംഗമത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സംഗമം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

8 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന സ്റ്റാഫ് ഇന്റർവ്യൂവിന് നേതൃത്വം നൽകി.

9 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് തൃശ്ശൂർ തിരുഹൃദയ ലത്തീൻ പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് സീറോ മലബാർ ക്രമത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഹോപ്പ് മിനിസ്ട്രി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് അതിരൂപത ആസ്ഥാനത്ത് നടന്ന എം ഐ ഹോസ്പിറ്റൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

11 അഭിവന്ദ്യ പിതാക്കന്മാർ ഉച്ചക്കുശേഷം അതിരൂപത കുടുംബത്തിൽ നിന്നും മരണം മൂലം വേർപ്പെട്ടുപോയ ബഹുമാനപ്പെട്ട തോമസ് വടക്കേത്തല അച്ചന്റെ മൃതസംസ്ക്കാര കർമങ്ങൾക്കു മുഖ്യ കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ആദ്യ വർഷ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ് എടുക്കുകയും ചെയ്തു.

12 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചക്ക്

അതിരൂപതാ ആസ്ഥാനത്തു നടന്ന തിരുഹൃദയ പ്രതിഷ്ഠയിൽ പങ്കെടുത്തു. വൈകീട്ട് അതിരൂപതാ ആസ്ഥാനത്തു നടന്ന അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് ഡി.ബി.സി.ൽ.സി. യിൽ നടന്ന ക്രിസ്ഫോം ഉദ്ഘാടനം ചെയ്തു. തുടർന്ന് സ്പെഷ്യൽ കമ്മിറ്റി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

13 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ഫാമിലി അപ്പസ്തോലേറ്റിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തന്റെ തിരുനാൾ ദിനമായ ഇന്ന് രാവിലെ വിയാനി ഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പോസ്തോലറ്റ് സെന്ററിൽ നടന്ന കാരുണ്യ പ്രവർത്തകരുടെ സമ്മേളനത്തിൽ പങ്കെടുത്തു. വൈകീട്ട് ചിറക്കൽ ഇടവക ദേവാലയത്തിൽ പുതിയതായി നിർമ്മിച്ച കപ്പേളയുടെ ആശീർവാദവും പരിശുദ്ധ കുർബാന അർപ്പണവും നടത്തി. ഹോപ്പ് മിനിസ്ട്രിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

15 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ തൃശൂർ സെന്റ് തോമസ് കോളേജിൽ നടത്തിയ സംസ്ഥാന ഗവൺമെന്റിന്റെ തൂഫാൻ പ്രോജക്ടിന്റെ ഉദ്ഘാടന ചടങ്ങിൽ ആഭ്യന്തര മന്ത്രി ശ്രീ രമേശ് ചെന്നിത്തലയോടൊപ്പം പങ്കെടുത്തു. ഉച്ചക്ക് ശേഷം അതിരൂപത കേന്ദ്രത്തിൽ കൂടിയ വൈദികസമിതി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പെരിഞ്ചേരിയിൽ നടന്ന ബഹുമാനപ്പെട്ട ജിജോ വള്ളുപാറ അച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. പഴുവിൽ ഫൊറോനയിലെ അച്ചന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

16 അഭിവന്ദ്യ പിതാക്കന്മാർ അതിരൂപത ഭവനത്തിൽ ആലോചന സമിതി യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജ് ട്രസ്റ്റ് മീറ്റിങ്ങിലും മാനേജ്മെന്റ് കമ്മിറ്റി മീറ്റിങ്ങിലും പങ്കെടുത്തു.

17 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ പുതിയ സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട ഇന്റർവ്യൂവിൽ പങ്കെടുത്തു. വൈകിട്ട് ലൂർദ് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

18 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ ജൂബിലി മിഷൻ ആശുപത്രിയിലെ പുതുക്കിയ ഓപ്പറേഷൻ തിയേറ്ററിന്റെ ഉദ്ഘാടന ചടങ്ങിൽ ആരോഗ്യമന്ത്രി ശ്രീ. കെ മുരളീധരനോടൊപ്പം പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം നന്തിപുലം ഇടവകയിലെ സിസ്റ്റേഴ്സ് ഓഫ് സെന്റ് ആൻസ് കോൺവെന്റിൽ മരണമടഞ്ഞ ബഹുമാനപ്പെട്ട സിസ്റ്റർ തെരേസ മാത്യുവിന്റെ മൃതസംസ്ക്കാര കർമങ്ങൾക്കു കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിൽ പുതിയ സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട ഇന്റർവ്യൂവിൽ പങ്കെടുത്തു.

19 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ മുതൽ ഡി ബി സി എൽ സിയിൽ നടത്തിയ അടിയന്തര വൈദികസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് ഡി.ബി.സി.എൽ.സി. യിൽ നടന്ന വിശ്വാസ പരിശീലന മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ലിറ്റർജി കമ്മീഷൻ മീറ്റിങ്ങിൽ ഓൺലൈൻ ആയി പങ്കെടുത്തു.

20 അഭിവന്ദ്യ പിതാക്കന്മാർ ഉച്ചക്കുശേഷം ഫാമിലി അപ്പസ്തോലേറ്റിൽ കൂടിയ അടിയന്തിര പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ഒളരിക്കര ഹോളി ഫാമിലി സന്യാസിനി മരണമടഞ്ഞ സിസ്റ്റർ ജെറോസിന്റെ മൃതസംസ്ക്കാര കർമങ്ങൾക്കു കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വേലൂർ ഫൊറോന ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് സെന്റ് തോമസ് കോളേജിൽ നടന്ന അധ്യയന വർഷ ഉദ്ഘാടനത്തിൽ പങ്കെടുത്തു. മരിയാപുരം എം. എം. ബി. ബ്രദേഴ്സ് നടത്തുന്ന അഭയസദൻ വൃദ്ധസദനത്തിൽ നവീകരിച്ച അൾത്താരയുടെ വെഞ്ചിരിപ്പ് കർമ്മവും പരിശുദ്ധ കുർബാന അർപ്പണവും നടത്തി.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ വടക്കൻ പുതുക്കാട് ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു കണ്ടശ്ശാംകടവ് ഫൊറാനയിലെ വിൻസെന്റ് ഡി പോൾ സംഘടനയുടെ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. ഉച്ചക്കുശേഷം ഡി.ബി.സി.എൽ.സി.യിൽ തീയോളജി ഇൻസ്റ്റിട്യൂട്ടിന്റെ അധ്യയന വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പക്കാട് ഇടവക

ദേവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് പുതിയതായി നിർമ്മിച്ച കൽകുരിശ് വെഞ്ചിരിച്ചു. ഉച്ചതിരിഞ്ഞ് ഡി.ബി.സി.എൽ. സി. യിൽ നടത്തിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ പുതിയ അധ്യായന വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് മുല്ലശ്ശേരി ഇടവക ദേവാലയത്തിൽ ഇടവക ദിനം ഉദ്ഘാടനം ചെയ്തു.

22 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എഫ് സി സി കോൺഗ്രിഗേഷന്റെ അസീസി പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ഉച്ചക്കുശേഷം അതിരൂപത കുടുംബത്തിൽ നിന്നും മരണം മൂലം വേർപ്പെട്ടുപോയ ബഹുമാനപ്പെട്ട ജോളി ചിറമ്മൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

23 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തിരുവില്ലാമല ഗുരുകുലം സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സെമിനാരിക്കാരുമായി സൗഹൃദ സംഭാഷണം നടത്തുകയും ചെയ്തു.

24 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഒല്ലൂർ സെന്റ് ആന്റണിസ് ഇടവകയിൽ വച്ച് തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ രാജു-ബ്ലെസി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. ഒളരി നവജ്യോതി ടീച്ചേഴ്സ് ട്രെയിനിങ് കോളേജിന്റെ കോൺവൊക്കേഷൻ ഡേയിൽ ചീഫ് ഗസ്റ്റ് ആയി പങ്കെടുത്തു. ഉച്ചക്കുശേഷം ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തിയ കെ സി എസ് എൽ സംഘടനയുടെ അവാർഡ് ഡേയിൽ പങ്കെടുത്തു സമ്മാനങ്ങൾ നൽകി. ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ കാക്കശേരി അനുമോദ്-പ്രിയ ദമ്പതികളുടെ എട്ടാമത്തെ കുഞ്ഞിന് മാമോദീസ നൽകി.

25 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പുത്തൻപീടിക ഇടവകയിൽ ആലപ്പാട്ട് ലിന്റോ-ലിജി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമോദീസ നൽകി. അഭിവന്ദ്യ പിതാക്കന്മാർ ജൂബിലി മിഷൻ ആശുപത്രിയുടെ അഡ്വൈസറി ബോർഡ് ന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന അഖില കേരള കത്തോലിക്ക കോളേജ് പ്രതിനിധികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ലിറ്റർജി കമ്മീഷൻ മീറ്റിങ്ങിൽ ഓൺലൈൻ ആയി പങ്കെടുത്തു.

26 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ വ്യാകുല മാതാവിൻ ബസിലിക്ക സംഘടിപ്പിച്ച പൗരോഹിത്യ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചക്ക് ശേഷം അഡ്വക്കേറ്റ്സ് ഫോറത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വിവാഹ കോഴ്സിൽ പങ്കെടുക്കുന്നവർക്കായി പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് വീണ്ടശ്ശേരി ഇടവക ദേവാലയത്തിൽ വൈദികർക്കായി നടക്കുന്ന പ്രാർത്ഥന കൂട്ടായ്മയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

27 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് കുടുംബ കൂട്ടായ്മ ബെസ്ററ് യൂണിറ്റിനുള്ള അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു.വൈകീട്ട്മേരിമാതാസെമിനാരിയിൽവിശുദ്ധബലിയിപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്നുള്ള അനുമോദന ചടങ്ങിൽ സംബന്ധിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ നടന്ന പറോക്ക് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് ബസിലിക്ക ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് മേരിമാതാ മേജർ സെമിനാരി സംഘടിപ്പിച്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

28 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മണ്ണുത്തി സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ സ്ഥാപകദിനത്തോടനുബന്ധിച്ചുള്ള വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. നവീകരിച്ച ചിയ്യാരം സേവനാലയം ഇടവക ദൈവാലയത്തിന്റെ കൂദാശ കർമത്തിന് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചക്ക് ശേഷം ജൂബിലി മിഷൻ ആശുപത്രിയിൽ നഴ്സിംഗ് സമരവുമായി ബന്ധപ്പെട്ട് യു എൻ എ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കോലഴി ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഡി.ബി.സി.എൽ.സി. യിൽ നടത്തിയ എ സി സി മതബോധന അധ്യാപകർക്കായുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു.

29 അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് നഴ്സിംഗ് സമരവുമായി ബന്ധപ്പെട്ട് അടിയന്തിരമായി വിളിച്ചുകൂട്ടിയ പാസ്റ്ററൽ, ഏകോപന സമിതി അംഗങ്ങളുടെ യോഗത്തിൽ അധ്യക്ഷത


വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് അതിരൂപതാ ആസ്ഥാനത്ത് നടന്ന ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ജൂബിലി മിഷൻ നഴ്സിംഗ് കോളേജിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

30 അഭിവന്ദ്യ പിതാക്കന്മാർ രാവിലെ മുതൽ ആരംഭിച്ച വൈദീകരുടെ ഏകദിന സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചക്ക് ശേഷം സെമിനാരി റെക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് ഫ്രാൻസിസ്കൻ വർഷവുമായി ബന്ധപ്പെട്ട വെബിനാറിൽ പങ്കെടുത്തു.

ശിഷ്യൻമാർക്കുവേണ്ടി
പ്രാർഥിക്കുന്നു
**അവരെല്ലാവരും ഒന്നായിരിക്കാൻ
വേണ്ടി, പിതാവേ, അങ്ങ് എന്നിലും
ഞാൻ അങ്ങയിലും
ആയിരിക്കുന്നതുപോലെ അവരും
നമ്മിൽ ആയിരിക്കുന്നതിനും
അങ്ങനെ അവിടുന്ന് എന്നെ
അയച്ചുവെന്നു ലോകം
അറിയുന്നതിനും വേണ്ടി
ഞാൻ പ്രാർത്ഥിക്കുന്നു.**
**(യോഹ 17, 21)**

## നാമകരണ നടപടികൾ

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




പാലക്കാട് രൂപതാംഗവും കയറാടി സെന്റ് മദർ തെരേസ ഇടവക വികാരിയുമായ ബഹു. തൂണിക്കാവിൽ ജോസ് പ്രകാശ് അച്ചനാണ് ജൂലൈ മാസത്തെ രണ്ടാം ശനി ഓർമ്മയാചരണത്തിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകിയത്. നെന്മാറ ക്രിസ്തുരാജ ഇടവകയിൽ നിന്നും പോത്തുണ്ടി നല്ലിടയൻ ഇടവകയിൽ നിന്നും ധാരാളം വിശ്വാസികളും അവിടെ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സും ആദ്യന്തം അനുഷ്ഠാനങ്ങളിൽ പങ്കെടുത്തു. ചൂണ്ടൽ ഫെലിക്സ് കിരൺ & ഫാമിലിയാണ് ഈ മാസത്തെ തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ബഹു. ജോസ് പ്രകാശ് അച്ചന്റെ സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ:

വലിയ സന്തോഷത്തോടും താല്പര്യത്തോടും കൂടിയാണ്, ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ബഹുമാനാർത്ഥം ആചരിച്ചു വരുന്ന ഈ രണ്ടാം ശനി ഓർമ്മയാചരണത്തിൽ, പങ്കെടുക്കുന്നത്. ഇന്ന് നാം വായിച്ചു കേട്ട സുവിശേഷ ഭാഗത്തിലേതു (വി. യോഹ 17 : 09-26) പോലെത്തന്നെയാണ്

ധന്യനായ ഊക്കനച്ചന്റെയും പ്രാർത്ഥന. ഈശോ തന്റെ ശിഷ്യർക്ക് വേണ്ടി പ്രാർത്ഥിച്ചതുപോലെ ഈ വി. ബലിപീഠ സാന്നിധ്യത്തിൽ എന്നും ആയിരുന്നുകൊണ്ട്, തന്റെ മധ്യസ്ഥം തേടി വരുന്നവരെ കർതൃസന്നിധിയിലേക്ക് സമർപ്പിച്ച് ഊക്കനച്ചൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു: ''കർത്താവേ, അങ്ങ് എനിക്ക് ഏൽപ്പിച്ചു തന്ന ഈ ജനത്തിനു വേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. എനിക്ക് വേണ്ടിയിട്ടല്ല; കാരണം ഞാൻ നിന്റെ പക്കലാണല്ലോ! ഇവർ ലോകത്തിലല്ലേ! ഇവരെ അങ്ങ് കാത്തുകൊള്ളണമേ.'' വലിയ പാരമ്പര്യവും വിശ്വാസ ചൈതന്യവുമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ചങ്കൂറ്റത്തോടെ, അഭിമാനത്തോടെ ആഗോള കത്തോലിക്കാസഭയ്ക്ക് കാഴ്ചവെയ്ക്കാൻ സാധിക്കുന്ന, തങ്ങളുടെ സ്വന്തം വിശുദ്ധരുടെ ഗണത്തിലേക്കുയർന്നുകൊണ്ടിരിക്കുന്നവരിൽ അഗ്രഗണ്യനാണ് ധന്യനായ ഊക്കനച്ചൻ. ഓരോ വിശ്വാസിയുടെയും ജീവിതം യേശു നാമത്തിൽ ആരംഭിച്ച് യേശു നാമത്തിൽത്തന്നെ അവസാനിക്കുന്നതാണ്. മാമ്മോദീസായിലൂടെ യേശു നാമം ഏറ്റുപറയുന്ന നാം ഈ നാമം ഉച്ചരിച്ചുകൊണ്ട് തന്നെ ഈ ലോകത്തിൽ നിന്നും യാത്ര പറയുന്നു. യേശുവിനു വേണ്ടി ജീവിക്കാനുള്ള ദാഹമാണ് നമ്മെ നയിക്കേണ്ടത്. ഊക്കനച്ചനെപ്പോലെയുള്ള വിശുദ്ധാത്മാക്കൾ ഈ ദാഹം ജീവിതത്തിൽ കാത്തുസൂക്ഷിച്ചിരുന്നു. ദൈവത്തിനു മുൻപിൽ ദൈവജനത്തിനു വേണ്ടി കരഞ്ഞ് പ്രാർത്ഥിക്കുകയും, ബലിയർപ്പിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. പാവപ്പെട്ടവന്റെ നിലവിളി കാസയിലുയർത്തി അദ്ദേഹം കർത്താവിന് ബലിയർപ്പിച്ചു. അവർക്ക് വേണ്ടി ചാരിറ്റി സന്യാസിനി സമൂഹവും അദ്ദേഹം സ്ഥാപിച്ചു. മറ്റുള്ളവർക്ക് വേണ്ടി ഞാനിന്ന് എന്തു ചെയ്തു? എന്ത് ചെയ്തില്ല എന്നൊരു self judgement അനുദിനം അദ്ദേഹം നടത്തി. സ്വർഗ്ഗം സ്വന്തമാക്കുന്നതിന് സുവിശേഷോപദേശങ്ങൾ സ്വജീവിതത്തിൽ അഭ്യസിച്ചു. അനുദിന ബലിയർപ്പണത്തിലൂടെ കർത്താവിനെ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് തിരികെയിറക്കിയ വന്ദ്യ പുരോഹിതനാണദ്ദേഹം. അതിനാൽ ഇന്നും സ്വർഗ്ഗത്തിനും ഭൂമിക്കും മധ്യേനിന്നു നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്ന അദ്ദേഹത്തിന്റെ സാന്നിധ്യം ഈ ദൈവാലയത്തിൽ നമുക്ക് അനുഭവവേദ്യമാകുന്നു. അതിനാൽ, കർത്താവേ ധന്യനായ ഊക്കനച്ചന്റെ പ്രാർത്ഥന വഴി എന്നെയും എനിക്കുള്ളവരെയും രക്ഷിക്കണമെയെന്ന് നമുക്കും പ്രാർത്ഥിക്കാം!

റവ. സി. വർഷ സി എസ് സി ഏവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



മാതാപിതാക്കന്മാർ മക്കളെ വളർത്തുന്നതിൽ കാണിക്കേണ്ട ശ്രദ്ധയും ഉത്തരവാദിത്വബോധവും അച്ചൻ വ്യക്തമാക്കുന്നു.

'ഏതൊരു ജീവിയും ചുരുങ്ങിയ ദിവസം കൊണ്ട് ശൈശവത്തെ വിട്ട് വളർച്ച പ്രാപിക്കുന്നു. എന്നാൽ മനുഷ്യശിശുവിന് ദീർഘനാൾ നീണ്ടുനില്ക്കുന്ന ശൈശവമാണ്. എത്ര സാവധാനത്തിലും പണിപ്പെട്ടുമാണ് ശിശു പഠിക്കുന്നത്. അതിനാൽ ഗൗരവമായിത്തന്നെ കുട്ടികളെ വളർത്തുന്നതിന് മാതാപിതാക്കന്മാർ കടപ്പെട്ടവരല്ലയോ' എന്ന് അച്ചൻ ചോദിക്കുന്നു.

'മറ്റു ജീവികളുടെ കുഞ്ഞുങ്ങൾ പ്രകൃതിദത്തമായ അറിവിനാൽ അവയുടെ ജീവസംരക്ഷണ മാർഗ്ഗത്തെ എളുപ്പം ഗ്രഹിക്കുന്നു. ഒരു നായക്കുട്ടി പ്രസവത്തിന് ഒന്നോ രണ്ടോ ആഴ്ചകൾ കഴിഞ്ഞിട്ടേ കാഴ്ച പ്രാപിക്കുന്നുള്ളൂ. എങ്കിലും പെറ്റുവീണ സമയം തന്നെ നിഷ്പ്രയാസം അതിന് തള്ളയുടെ പാൽ കുടിക്കാൻ സാധിക്കുന്നു. എന്നാൽ മനുഷ്യക്കുഞ്ഞു

ങ്ങൾ ആദ്യനാളുകളിൽ അമ്മയെ തിരിച്ചറിയുന്നില്ല. അമ്മിഞ്ഞപ്പാൽ നുകരാൻ അമ്മയുടെ സഹായം വേണം. ഇത് മാതാപിതാക്കൾക്കറിയാം. ഇപ്രകാരമുള്ള നിസ്സഹായാവസ്ഥ സൂചിപ്പിക്കുന്നത് എന്താണ്? മക്കൾക്ക് സർവ്വവും ദൈവം നിശ്ചയിച്ചിരിക്കുന്നത് മാതാപിതാക്കന്മാരിൽ നിന്നാണ്. കുഞ്ഞിനെ അഭ്യസിപ്പിക്കുന്നതിന് മാതാപിതാക്കന്മാർക്കുള്ള ചുമതലയാണ് ഇവിടെ തെളിയുന്നത്'.

മറ്റൊരു വസ്തുതയും അച്ചൻ വ്യക്തമാക്കുന്നു: 'മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി ഒരു കുഞ്ഞ് എത്ര മാത്രം തന്റെ മാതാപിതാക്കന്മാരെ കൂടുതലായി ആശ്രയിക്കുന്നുവോ, അത്രയുംതന്നെ മാതാപിതാക്കന്മാർ ഇതിൽ അലസരാകുവാനും സാദ്ധ്യതയുണ്ട്. ഇതിന്റെ കാരണം മനുഷ്യന്റെ സ്വാതന്ത്ര്യം തന്നെയാണ്'. മക്കളെ വെറുക്കുന്ന എത്ര മാതാപിതാക്കളാണുള്ളത് എന്ന് അച്ചൻ വേദനയോടെ ചോദിക്കുന്നു.

മാതാപിതാക്കൾ നിർദ്ധനരും സാധുക്കളുമാണെങ്കിലും തങ്ങളുടെ സന്താനങ്ങളെ ആ നിലയിൽ നിന്ന് ഉയർത്തുന്നതിന് അവർക്ക് സാധിക്കും. അതിനാണ് അവർ പരിശ്രമിക്കേണ്ടത്. നല്ല വിദ്യാഭ്യാസം വഴി, കുട്ടികളെ നന്നായി വളർത്തുന്നതുവഴി മക്കൾ സമുദായത്തിൽ മാന്യരായിത്തീരും. ചിലർ തീർത്തും നിർദ്ധനരായാലും അവരുടെ വാക്കുകൾ വിശ്വസിച്ച് എത്ര പണവും അവർക്ക് മറ്റുള്ളവർ കൊടുക്കുന്നതിനു കാരണം ആ മാതാപിതാക്കളുടെ സ്വഭാവ വിശേഷമാണ്.

ഒരു ചെറിയ ഉദാഹരണത്തിലൂടെ നന്മയിൽ വളരേണ്ടതിന്റെ ആവശ്യകത അച്ചൻ വ്യക്തമാക്കുന്നു. ഒരു തുണ്ടു വെള്ളക്കടലാസിൽ രാജമുദ്ര പതിഞ്ഞാൽ എന്തായിരിക്കും വില! ശിശുക്കളുടെയും മുതിർന്നവരുടെയും മനസ്സും ഹൃദയവും ശൂന്യമായിരിക്കുന്നില്ല. ഒന്നുകിൽ നന്മയിൽ അല്ലെങ്കിൽ തിന്മയിൽ നിറഞ്ഞിരിക്കും.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# ₹ സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

2026 ആഗസ്റ്റ് 3 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടുവരേണ്ടത്. ജൂൺ മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 34) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മണി മുതൽ ഉച്ചകഴിഞ്ഞ് 12 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല.

**2. ഫൈനാൻസ് ഓഫീസ് – പണമിടപാട്**

പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചുരുങ്ങിയത് 6 എണ്ണം ചെക്കുകളെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**3. സമയക്രമം**

നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേ ദിവസം അറിയിക്കുന്നത് നല്ലതാണ് (ഫിനാൻസ് ഓഫീസ് ഫോൺ 8289898168) തെരട്ടുകൊണ്ടുവരുമ്പോൾ ബ. വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. മറ്റുകൈക്കാരന്മാരേയും സ്വാഗതം ചെയ്യുന്നു.

**4.CA ഓഡിറ്റ്**

CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും CA ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനു ശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രതിനിധിയോഗത്തിൽ പാസാക്കുകയു, ഫൊറോന വികാരി സന്ദർശനം പൂർത്തിയാക്കയും ചെയ്ത ശേഷമാണ് തെരട്ട് സമർപ്പിക്കാൻ കൊണ്ടുവരേണ്ടത്. ഇത് കൂടാതെ Incom Tax Return സമർപ്പിക്കേണ്ടതും അതിന്റെ Print Out വാങ്ങിവെക്കേണ്ടതും അതിന്റെ Copy തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**5. പുതുക്കിയ 12AB Registration Copy**

ആദായനികുതി നിയമപ്രകാരം ഇടവകയുടെ ചാരിറ്റബിൾ

രജിസ്ട്രേഷൻ (12AB) 2025-26 ൽ പുതുക്കിയ Order for Registrationന്റെയും പാൻകാർഡിന്റെയും ഓരോ കോപ്പികൾ തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്,** ഫൈനാൻസ് ഓഫീസർ
**ഫാ.അജിത്ത് കൊള്ളന്നൂർ,** അസി. ഫൈനാൻസ് ഓഫീസർ

## വൈദികർ




| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. സാൽവിൻ കണ്ണനായ്ക്കൽ | 05 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ജോൺ പുത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജിതിൻ നെല്ലങ്കര | 15 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. എലോയ് ചിറമ്മൽ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിജോ തറയിൽ | 20 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. സിനോജ് നീലങ്കാവിൽ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 23 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജിജോ എടക്കളത്തൂർ | 24 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 31 |




| | |
|---|---|
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. സെബി വെളിയൻ | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ജിബി വാഴപ്പിള്ളി | 10 |
| ഫാ. ഡേവിസ് ചിറമ്മൽ Sr. | 21 |
| ഫാ. ജിജോ തറയിൽ | 21 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. അനുവിൻ താണിക്കൽ | 29 |
| ഫാ. ജോൺസൻ ഊക്കൻ | 29 |




| | |
|---|---|
| ഫാ. ജോൺ ചിറമ്മൽ Sr. | 03.08.1968 |
| ഫാ. ജേക്കബ് പനക്കൽ | 04.08.1955 |
| ഫാ. ആന്റണി പൊറത്തൂർ | 04.08.2007 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07.08.1955 |
| ഫാ. ജേക്കബ് ചാലക്കൽ | 08.08.2001 |
| ഫാ. ജോസഫ് പുളിക്കൻ Sr. | 09.08.1979 |
| ഫാ. ജോയ് മൂക്കൻ | 09.08.2025 |
| ഫാ. ജോസഫ് തറയിൽ | 11.08.1969 |
| ഫാ. ജേക്കബ് ആളൂർ | 11.08.1975 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12.08.1988 |
| ഫാ. ബാബു ചേലപ്പാടൻ | 12.08.2017 |
| ഫാ. ആന്റോ എടക്കുളത്തൂർ | 12.08.2024 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13.08.2005 |
| ഫാ. ജോർജ്ജ് പാനികുളം | 14.08.1957 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15.08.1917 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15.08.1950 |
| ഫാ. പോൾ അരിക്കാട്ട് | 16.08.2005 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17.08.1903 |
| ഫാ. ജോസ് പറമ്പൻ Sr. | 17.08.1954 |
| മോൺ. ജോൺ പാലോക്കാരൻ | 19.08.1948 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21.08.1961 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25.08.1978 |
| ഫാ. പൗലോസ് എടച്ചേരി | 26.08.1891 |
| ഫാ. ജേക്കബ് വടാശ്ശേരി | 26.08.1978 |
| ഫാ. ജോർജ്ജ് മാളിയേക്കൽ Sr. | 27.08.1968 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30.08.1994 |

# ആദരാഞ്ജലികൾ



## ഫാ. ജോളി ചിറമ്മൽ (68)

സംലഭ്യനായ അജപാലകൻ, സൗഹൃദത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപം, പ്രിയങ്കരനായ ഇടയൻ എന്നിങ്ങനെ ശുശ്രൂഷാപൗരോഹിത്യത്തിൽ പ്രശോഭിച്ച തൃശ്ശൂർ അതിരൂപതയിലെ വൈദികനായ ബഹു. ജോളി ചിറമ്മൽ അച്ചൻ 2026 ജൂൺ 19-ാം തീയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 05.15 ന് അറുപത്തിയെട്ടാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മറ്റം ഇടവകയിലെ ചിറമ്മൽ ജോസഫ് - റോസി ദമ്പതിമാരുടെ മകനായി 1958 ജനുവരി 13 -ാം തിയ്യതി ബഹു. ജോളി അച്ചൻ ജനിച്ചു. 26.12.1985ൽ അന്നത്തെ തൃശൂർ രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തൃശൂർ സെന്റ് ആൻസ്, വേലൂർ, തൃശൂർ ബസിലിക്ക, എരുമപ്പെട്ടി എന്നീ ഇടവകകളിൽ സഹവികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ച അദ്ദേഹം പെരിഞ്ചേരി, വെട്ടുകാട്, മരോട്ടിച്ചാൽ, മച്ചാട്, കരുമത്ര, പേരകം, ഒരുമനയൂർ, ചൊവ്വന്നൂർ, തലക്കോട്ടുകര, തണ്ടിലം, വൈലത്തൂർ, മണ്ണംപേട്ട, കുണ്ടന്നൂർ, മുക്കാട്ടുകര, കല്ലൂർ വെസ്റ്റ്, ചിറ്റിലപ്പിള്ളി എന്നീ പള്ളികളിൽ വികാരിയായും പട്ടിക്കാട് പള്ളിയിൽ ഫൊറോന വികാരിയായും സേവനമനുഷ്ഠിച്ചു. പട്ടിക്കാട്, കുണ്ടന്നൂർ, മാന്ദാമംഗലം, മുക്കാട്ടുകര, മണ്ണംപേട്ട സ്കൂളുകളുടെ മാനേജരായും വിവിധ

സന്യാസിനീസമൂഹങ്ങളുടെ കപ്ലോനായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

ദൈവശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കിയിട്ടുള്ള ബഹു. ജോളി അച്ചൻ, മനക്കൊടി സാവിയോ ഹോം ഡയറക്ടർ, അതിരൂപത തിരുബാലസഖ്യം ഡയറക്ടർ എന്നീ തസ്തികകളിൽ സ്തുത്യർഹമായ സേവനം ചെയ്തിട്ടുണ്ട്. നിർമ്മാണരംഗത്ത് പ്രാവീണ്യം തെളിയിച്ച അദ്ദേഹം പല പള്ളികളിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും വൈലത്തൂർ, മരോട്ടിച്ചാൽ എന്നിവിടങ്ങളിൽ വൈദികമന്ദിരം, പട്ടിക്കാട് CBSE സ്കൂൾ, മനക്കൊടി സാവിയോ ഹോമിന്റെ പുതിയ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യപരമായ കാരണങ്ങളാൽ ബഹു. ജോളി ചിറമ്മൽ അച്ചൻ 2026 ഫെബ്രുവരി 4 മുതൽ ചികിത്സാർത്ഥം തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2026 ജൂൺ 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00ന് തൃശൂർ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിൽ ബഹു. ജോളി ചിറമ്മൽ അച്ചന്റെ ആത്മാനുകൂലാർത്ഥമുള്ള വി. കുർബാന അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിന്റെ കാർമ്മികത്വത്തിൽ അർപ്പിച്ചു. അതിനുശേഷം ബഹു. അച്ചന്റെ ഭൗതികശരീരം വൈദികമന്ദിരത്തിൽ 5 മണി വരെയും തുടർന്ന് മറ്റം ഇടവകയിലെ നമ്പഴിക്കാട്ടുള്ള സഹോദരൻ സാബുവിന്റെ വസതിയിൽ വൈകിട്ട് 6 മണി മുതലും പൊതുദർശനത്തിനായി വച്ചു. 2026 ജൂൺ 22 ഉച്ചകഴിഞ്ഞ് 1.30 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗം വീട്ടിൽ നിന്ന് ആരംഭിച്ചു. തുടർന്ന് ഭൗതികശരീരം മറ്റം ഫൊറോന ഇടവക ദൈവാലയത്തിലേക്ക് സംവഹിക്കുകയും മൃതസംസ്കാര ശുശ്രൂഷയുടെ മറ്റു കർമ്മങ്ങൾ നടത്തപ്പെടുകയും ചെയ്തു. 2.30 ന് നടന്ന മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂർ പിതാവും തുടർന്ന് വി. കുർബാന യോടുകൂടിയുള്ള മൃതസംസ്കാരശുശ്രൂഷയുടെ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യ കാർമ്മികത്വം വഹിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിൽ അർപ്പണബോധത്തോടെ അധ്വാനിച്ച്, അജഗണത്തെ നന്മയിലൂടെ നയിക്കുവാൻ കഠിനാധ്വാനം ചെയ്ത് നിത്യപിതാവിന്റെ സമ്മാനത്തിനായി യാത്രയായ ചിറമ്മൽ ബഹു. ജോളി അച്ചന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ!!!

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**എഫ്.സി.സി.**

1-ാം തീയതി കച്ചേരിപ്പടി ആശീർഭവനിൽ നടന്ന KCMS General Body Meeting ൽ സി. ജോളി ചിറ്റിലപ്പിള്ളി സംബന്ധിച്ചു. 2-ാം തീയതി പാലാരിവട്ടം പി ഒ സി യിൽ നടന്ന KCBC - KCMS സംയുക്ത മീറ്റിംഗിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ഉഷസ് ആളൂർ പങ്കെടുത്തു. 4-ാം തീയതി പെരുമ്പിള്ളിശ്ശേരി സെന്റ് റീത്താസ് കോൺവെന്റിൽവെച്ച് Pre Postulants Phase-I ലെ 5 അർത്ഥിനികൾ Pre Postulants Phase - II വിലേയ്ക്ക് പ്രവേശിച്ചു. 19-22 വരെ അസ്സീസി പ്രൊവിൻഷ്യൽ നടന്ന ത്രിദിന ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസിൽ കാൽവരി ആശ്രമം സുപ്പീരിയർ റവ ഫാ. വിൽസൺ കൊടുങ്ങൂക്കാരൻ OFM Cap ക്ലാസ്സ് നയിച്ചു. 22-ാം തീയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ പിതാവിന്റെ കാർമികത്വത്തിൽ നടന്ന കൃതജ്ഞതാ ബലിയിലും സ്നേഹവിരുന്നിലും ലോക്കൽ സുപ്പീരിയേഴ്സ്, പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**സി. എച്ച്. എഫ്.**

08.06.2026 ന് സി.എച്ച്.എഫ് സഭാസ്ഥാപക വി.മറിയം ത്രേസ്യായുടെ തിരുനാൾ കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥാടന കേന്ദ്രത്തിൽ ആഘോഷപൂർവ്വം കൊണ്ടാടി. 09.06.2026 ൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വി. മറിയം ത്രേസ്യയുടെ

തിരുനാൾ ആഘോഷിച്ചു. 11.06.2026 ൽ തൃശ്ശൂർ അതിരൂപതയിലെ ഫാദർ തോമസ് വടക്കേത്തല മരിച്ചതറിഞ്ഞ് നവജ്യോതി പ്രൊവിൻഷ്യൽ സി. ജെസിൻ തെരേസും സിസ്റ്റേഴ്‌സും സന്ദർശിച്ച് പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിച്ചു. 14.06.2026 ൽ ഫാ. ജോൺ പറോക്കാരൻ സി.എം.ഐ യുടെ മൃതസംസ്കാര കർമ്മങ്ങളിൽ നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ച് പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. തലോർ ഇൻഫന്റ് ജീസസ് ഇടവകയുടെ സ്റ്റേഷൻ പള്ളിയായ വി. മറിയം ത്രേസ്യായുടെ നാമധേയത്തിലുള്ള ദേവാലയത്തിൽ വി. മറിയം ത്രേസ്യായുടെ തിരുനാളിൽ സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ സംബന്ധിച്ചു. ജൂൺ 17 മുതൽ 20 വരെയും 24 മുതൽ 27 വരെയും നവജ്യോതി പ്രോവിൻസിലെ സിസ്റ്റേഴ്സിന് സി എച്ച് എഫ് കോൺസ്റ്റിറ്റ്യൂഷൻ പഠനശിബിരം നടന്നു. 19.06.2026 ന് നവജ്യോതി പ്രോവിൻസ് ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി.ജെറോസ് കർത്താവിൽ നിദ്രപ്രാപിച്ചു. 28.06.2026 ൽ സിബിസിഐ ആഹ്വാനം ചെയ്ത പ്രാർത്ഥന ദിനം സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ ആചരിച്ചു. 04.07.2026 ന് നവജ്യോതി പ്രോവിൻസിൽ വി.മറിയം ത്രേസ്യായുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ നൂറാം വാർഷിക സമാപനം ആഘോഷിച്ചു. സീറോ മലബാർ സഭാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ദിവ്യബലി അർപ്പിക്കുകയും സ്നേഹവിരുന്നിൽ സംബന്ധിച്ച് അനുഗ്രഹ പ്രഭാഷണം നടത്തുകയും വിവിധ മത്സരങ്ങളുടെ സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. 04.07.2026 ന് നവജ്യോതി പ്രൊവിൻസിൽ 1952 മുതൽ 1970 വരെ ആദ്യ വ്രതാർപ്പണം നടത്തിയ സിസറ്റേഴ്സിന്റെ ബാച്ച് ഗാതറിങ് 3R Vibes നടത്തി.

**എസ്.എ.ബി .എസ്.**

ജൂൺ ഒന്നിന് കല്ലൂർ ആശിർഭവനിൽ നടന്ന KCBC KCEMS മീറ്റിംഗിൽ സിസ്റ്റർ ടെസ്മി തെക്കനിയത്ത് പങ്കെടുത്തു. രണ്ടിന് സ്ഥാപക പിതാവിന്റെ 101-ാം ചരമദിനാഘോഷം വിപുലമായ പരിപാടികളോടെ ചങ്ങനാശ്ശേരിയിൽവെച്ച് നടത്തപ്പെട്ടു ബഹു. പ്രോവിൻഷ്യാളമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു. മൂന്നിന് ദിവ്യകാരുണ്യ തിരുനാളിന് ഒരുക്കമായുള്ള നവനാൾ ആരാധനയിൽ ഒൻപത് ദിവസം ദൈവജനത്തെ പങ്കെടുപ്പിച്ച് തിരുമണിക്കൂർ, ദിവ്യകാരുണ്യ ആശിർവാദം, സ്നേഹവിരുന്ന് എന്നിവ എല്ലാ ഭവന സമൂഹങ്ങളിലും വെച്ച് നടത്തപ്പെട്ടു.

അഞ്ചിന് എസ്.എ.ബി.എസ് സമൂഹത്തിന്റെ മുൻ ജനറൽ

സുപ്പീരിയറും എറണാകുളം പാലക്കാട് പ്രോവിൻസുകളുടെ സുപ്പീരിയറും ആയിരുന്ന ബഹുമാനപ്പെട്ട മദർ ലാംട്ട അമ്മയുടെ സംസ്കാര ശുശ്രൂഷകളിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും പങ്കെടുത്തു. തൃശ്ശൂർ നിർമ്മലമാതാ സ്കൂൾ, തൃശൂർ സെന്റ് ജോസഫ് ഹോസ്പിറ്റൽ വേലൂപ്പാടം, എംകെഎംസി യുപിഎസ് നെന്മണിക്കര, ചെന്നായി പാറയിലെ ആകാശ പറവകൾക്കായുള്ള ശുശ്രൂഷ മേഖലകൾ എന്നിവയ്ക്ക്  തുടക്കം കുറിച്ച അമ്മയുടെ സ്മരണയ്ക്ക് മുമ്പിൽ പ്രണാമം. 12ന് ബഹു. പ്രോവിൻഷ്യാളമ്മ പങ്ങാരപ്പി ള്ളിയിൽ കാനോനിക വിസിറ്റ് നടത്തി. ബിഷപ്പ് ഹൗസിൽ വെച്ച് വിശുദ്ധ അന്തോണീസിന്റെ നാമധാരിയായ മാർ ടോണി നീലങ്കാവിൽ പിതാവിനെ വികർ പ്രോവിൻഷ്യൽ സിസ്റ്റർ ലിൻസ മരിയ പാറക്കാടനും സിസ്റ്റേഴ്സും ചേർന്ന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.  26- ന് DBCLC യിൽ നടന്ന എഫ്സിആർഎ മീറ്റിംഗിൽ സിസ്റ്റർ ഫിജി തെരേസ് പൂല്ലോക്കാരൻ സംബന്ധിച്ചു. 29 ന് വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനം എല്ലാ ഭവന സമൂഹങ്ങളിലും സീനിയേഴ്സ് ഡേ ആയി സമുചിതമായി ആഘോഷിച്ചു,

**സി.എം.സി.**

ജൂൺ 1 ന് 5 ജൂനിയർ സിസ്റ്റേഴ്സ് ആലുവ ജനറലേറ്റിലും 2 സിസ്റ്റേഴ്സ് ബാംഗ്ലൂർ ജ്ഞാനോദയയിലും ജൂനിയറേറ്റ് കോഴ്സിൽ പ്രവേശിച്ചു. ജർമനി, റോം എന്നി വിദേശഭവനങ്ങളിൽ പ്രൊ വിൻഷ്യൽ സുപ്പീരിയർ സി. സാലിപോൾ കാനോനിക സന്ദർശനം നടത്തി. 20 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ  നടത്തിയ ആഘോഷമായ 13 മണിക്കൂർ ആരാധനയിൽ ലോകം മുഴുവ നുവേണ്ടിയും പ്രാർത്ഥിച്ചു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ്സിനായി നടത്തിയ one day programme ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ സന്ദേശം ന ല്കി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്രൊവിൻഷ്യൽ പ്ലിനറി മീറ്റിംഗ് നടത്തപ്പെട്ടു. 4 ആസ്പിരൻസ് വാർദ്ധയിലെ formation ഹൗസിലേക്ക് രൂപീകരണത്തിനായി പോയി. വിദ്യാർഥികളിൽ വിശ്വാസരൂപീകരണം സാധ്യമാകുന്നതിനു വേണ്ടി faith formation കൗൺസിലർ സി. മേഴ്സി പോൾ വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് 2033 ലെ മഹാജൂബിലിക്ക് വിദ്യാർഥികളെ ഒരുക്കി.

**സി.എസ്.എസ്.**

കെ.സി.എം.എസ് ജനറൽ ബോഡി മീറ്റിങ്ങ്, കെ.സി.ബി.സി., കെ.സി.എം.എസ് ജോയ്ന്റ് മീറ്റിങ്ങ് എന്നിവയ്ക്ക് സുപ്പീരിയർ ജനറൽ ബഹു. സി. അൽഫോൻസ സി.എസ്.എസ്, സ്നേഹോദയ അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ സുമ

റാഫേൽ സി. എസ്. എസ് എന്നിവർ പങ്കെടുത്തു. സ്നേഹോദയ പ്രൊവിൻസിന്റെ പുതിയ മിഷൻ ഇറ്റനഗർ രൂപതയിൽ ഡാമിൻ എന്ന സ്ഥലത്ത് ആരംഭിച്ചു. ജൂൺ 12-ാം തിയ്യതി മണ്ണുത്തി സ്നേഹദീപ്തി കോൺവെന്റിൽ തിരുഹൃദയ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് സ്നേഹദീപ്തി കോൺവന്റിൽ 13 മണിക്കൂർ ആരാധനയും നടത്തപ്പെട്ടു. സ്ഥാപകദിനവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയും ജൂൺ 28 ന് സമുചിതമായി ആഘോഷിച്ചു. ജൂൺ 29-ാം തിയ്യതി Holy Spirit Generalate ൽ വെച്ച് 7 സഹോദരിമാർ നിത്യവ്രതവാഗ്ദാനം നടത്തുകയും അതിരൂപത വികാരി ജനറൽ പെരിയ ബഹു. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റി സി.എസ്.എസ് പങ്കെടുത്തു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേക്കൈതകാട്ട് സി.എം.ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജൂൺ 24 മുതൽ 26 വരെയുള്ള സുപ്പീരീയേഴ്സ് മീറ്റങ്ങിൽ 32 പേർ പങ്കെടുത്തു. സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ Renewal Programme ന്റെ follow up ഓരോ ഹൗസുകളിലും വെച്ച് നടത്തപ്പെടുന്നു.

**സി.എസ്.സി.**

26.6.26 ന് ആലുവ ജീവസ് ധ്യാനകേന്ദ്രം ഡയറക്ടർ ബഹുമാനപ്പെട്ട ഫാദർ സജി തെക്കേക്കൈതക്കാട്ട് CMI യുടെ നേതൃത്വത്തിൽ രാവിലെ 10 മണി മുതൽ ഉച്ചതിരിഞ്ഞു 4 മണി വരെ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്കായി ക്ലാസും അഭിഷേക ആരാധനയും ഉണ്ടായിരുന്നു. 2026 ജൂൺ 24,25,26 തിയ്യതികളിലായി മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ചു ചൊവ്വന്നൂർ സെന്റ് മേരീസ് ഹൈസ്ക്കൂളിലെ വിദ്യാർഥികൾക്കായി 3 ദിവസത്തെ താമസിച്ചുള്ള ധ്യാനം ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തി. CSC സഹവാസ ശുശ്രൂഷയുടെ ഭാഗമായി കൂർക്കഞ്ചേരി മരിയ പ്രവിശ്യയിലെ 3 ബഹു. സിസ്റ്റേഴ്സ് ആറ്റുപുറം ഇടവകയിൽ ആറുമാസം താമസിച്ചു കൊണ്ട് ഹോം മിഷൻ നിർവഹിക്കുന്നു.

**ഫാ. സിജോ പൈനാടത്ത് OFM Cap.,** പ്രസിഡണ്ട്
**സി. ജോളി ചിറ്റിലപ്പിള്ളി FCC,** സെക്രട്ടറി

## മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

### ദുക്റാന തിരുനാൾ

പാലയൂർ തീർത്ഥകേന്ദ്രത്തിലെ ദുക്റാന തിരുനാൾ ഭക്തി നിർഭരമായി നടത്തപ്പെട്ടു. രാവിലെ 6:30ന് തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഡേവിസ് കണ്ണമ്പുഴയുടെ മുഖ്യ കാർമികത്വത്തിൽ നടന്ന ദിവ്യബലിയോട് കൂടെ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് നൊവേന തളിയക്കുളക്കരയിൽ നിന്നും കൊടിയേറ്റ പ്രദക്ഷിണം ഉണ്ടായിരുന്നു. ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഡേവിസ് കണ്ണമ്പുഴ, അസി. വികാരി ഫാ. നിതിൻ താഴത്ത് എന്നിവർ ചേർന്ന് ഊട്ട് ആശിർവാദകർമ്മം നിർവഹിച്ചു. ജൂലൈ 11,12 നടത്തപ്പെടുന്ന തർപ്പണ തിരുന്നാളിന്റെ കൊടികയറ്റം പാലക്കാട് രൂപത അധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ നിർവഹിച്ചു. തുടർന്ന് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ തിരുനാൾ ദിവ്യബലിയും നടന്നു. അസി. വികാരി ഫാ. നിതിൻ താഴത്ത്, ഫാ. മാത്യു തുണ്ടത്തിൽ എന്നിവർ സഹകർമികരായി. ദിവ്യബലിയിൽ ഇടവകയിലെ തോമസ് നാമധാരികളടെ സമർപ്പണവും ഉണ്ടായിരിന്നു. ഏകദേശം കാൽലക്ഷം പേർക്കുള്ള നേർച്ച ഊട്ട് നൽകി. വൈകീട്ട് റവ. ഫാദർ ബിജു പാണേങ്ങാടന്റെ മുഖ്യകാർമികത്വത്തിൽ റാസ കുർബാന ഉണ്ടായിരുന്നു. റവ ഫാദർ ക്ലിന്റ് പാണേങ്ങാടൻ, റവ ഫാദർ ജാക്സൺ തെക്കേക്കര എന്നിവർ സഹ കാർമ്മികരായി.

### തർപ്പണ തിരുനാൾ

സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപൽ തീർത്ഥ കേന്ദ്രത്തിലെ വി.തോമാശ്ലീഹാ, വി. സെബാസ്ത്യനോസ്, വി. കുര്യക്കോസ് സംയുക്ത തിരുനാളും, വി.തോമാശ്ലീഹാ തളിയകുളത്തിൽ തർപ്പണാത്ഭുതം നടത്തി മാമോദീസ നൽകി യതിന്റെ ഓർമ്മത്തിരുന്നാളുമായ തർപ്പണ തിരുനാൾ ഭക്തി സാന്ദ്രമായി നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ആഘോഷമായ തിരുനാൾ കുർബാനക്കു മുഖ്യ കാർമികത്വം റവ. ഫാ. വിൽസൺ പിടിയത്ത് നിർവഹിച്ചു. റവ. ഫാ. റോയ് വടക്കൻ തിരുനാൾ സന്ദേശവും നൽകി.

ഉച്ചകഴിഞ്ഞ് 2:00 മണിക്ക് തളിയകുളക്കരയിൽ മെൽബൺ രൂപത മുൻ അധ്യക്ഷൻ എമിരറ്റസ് മാർ ബോസ്കോ പുത്തൂരിന്റെ മുഖ്യ കാർമികത്വത്തിൽ ആഘോഷമായ സമൂഹ മാമ്മോദീസ ഉണ്ടായിരുന്നു. തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകളിലെ പന്ത്രണ്ടോളം നവജാത ശിശുക്കൾ മാമോദീസ സ്വീകരിച്ചു. ഉച്ചതിരിഞ്ഞ് 4:30ന് പാലയൂർ ഇടവകാംഗവും, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ റവ.ഫാ.ബെന്നി ചിറമ്മലിന്റെ മുഖ്യ കർമികത്വത്തിൽ ദിവ്യബലിയും, തുടർന്ന് പാലയൂർ ജൂതൻകുന്ന് കപ്പേളയിലേക്ക് തിരുനാൾ പ്രദക്ഷിണവും ഉണ്ടായിരുന്നു. ജൂലൈ 13 രാവിലെ 6:30ന് മരിച്ചവർക്കു വേണ്ടിയുള്ള ദിവ്യബലി, ഒപ്പീസ് എന്നിവ ഉണ്ടായിരുന്നു.

**ഫാ. ഡേവീസ് കണ്ണമ്പുഴ**
ആർച്ച്പ്രീസ്റ്റ്

> **അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിനു മുദ്രവയ്ക്കുന്നു.**
>
> യോഹ. 3:33

# മേരിമാതാ മേജർ സെമിനാരി

### തിരുഹൃദയ തിരുനാൾ, ദിവ്യകാരുണ്യ ആരാധനാദിനം

ജൂൺ മാസം 12-ാം തീയതി വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയ തിരുനാൾദിവസം മേരിമാതാ കുടുംബം ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന ദിനം ആചരിച്ചു. അന്നേദിവസം രാവിലെ 6.30ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലി അർപ്പിച്ചു. തുടർന്ന് വിശുദ്ധ കുർബാന എഴുന്നള്ളിച്ച്വെച്ചുള്ള ആരാധന ആരംഭിച്ചു. വൈദികരും ദൈവശാസ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികളും ബാച്ചുകളായി ഓരോ മണിക്കൂർ ആരാധന നയിച്ചു. മൂന്നുമണിക്ക് മേരിമാത കുടുംബം ഒന്നുചേർന്ന് പൊതുആരാധന നടത്തി. സമാപനത്തിൽ അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവ് പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദം നൽകി.

### ബുക്ക് സ്റ്റാൾ ഉദ്ഘാടനം

മേരിമാത മേജർ സെമിനാരിയുടെ ഈ അധ്യയന വർഷത്തിലെ ബുക്ക് സ്റ്റാൾ ഉദ്ഘാടനം ജൂൺ 19ന് നടന്നു. ബഹു. ഫാ. ആന്റോ പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

### പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം

പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് മേരിമാത കുടുംബം സ്വീകരണം നൽകി. ജൂൺ 27-ാം തീയതി വൈകീട്ട് 6.30ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. തുടർന്ന് നടന്ന അനുമോദന യോഗത്തിൽ റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. വിൻസന്റ് ആലപ്പാട്ട് അച്ചനും ബ്രദർ ക്ലിൻസ് പൂത്തോക്കാരനും പിതാവിന് ആശംസകൾ നേർന്ന് സംസാരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും മാർ ബോസ്കോ പുത്തൂർ പിതാവും ക്ഷണിക്കപ്പെട്ട അതിഥികളും മീറ്റിംങ്ങിന് സന്നിഹിതരായിരുന്നു.

### ദൈവശാസ്ത്ര വിഭാഗത്തിന്റെ ഫീസ്റ്റ് ആഘോഷം

ദൈവശാസ്ത്ര വിഭാഗത്തിന്റെ സെക്ഷൻ ഫീസ്റ്റ് ജൂലൈ 1ന് ആഘോഷിച്ചു. തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത് ഒന്നാം വർഷ ദൈവശാസ്ത്ര വൈദികവിദ്യാർഥികളുടെ ആനിമേറ്ററായ ബഹുമാനപ്പെട്ട ആന്റോ പാണേങ്ങാടൻ അച്ചനാണ്. അന്നേ

ദിവസത്തെ സന്ദേശം നൽകിയത് മൂന്നാം വർഷ ദൈവശാസ്ത്ര വൈദിക വിദ്യാർഥിയായ ബ്രദർ റോവിൻ കുരുതുകുളങ്ങര ആയിരുന്നു.

**ദുക്റാന തിരുനാൾ**

ദുക്റാന തിരുന്നാളിന് ബഹു. ഫാ. നിതിൻ ആലക്കത്തടത്തിൽ റാസ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ബഹു. ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് സഹകാർമ്മികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**സർഗ്ഗജ്യോതി ഉദ്ഘാടനം**

സഹോദരങ്ങളുടെ കലാകായിക രംഗങ്ങളിലെ അഭിരുചികളെ വളർത്താൻ നടത്തുന്ന സർഗ്ഗജ്യോതി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹു. ഫാ. ബിബിൻ ജോർജ് നിർവ്വഹിച്ചു. കാതിന് ഇമ്പമായ ഗാനങ്ങളിലൂടെയും ഹൃദയസ്പർശിയായ അനുഭവങ്ങളിലൂടെയും അച്ചൻ എല്ലാവർക്കും പ്രചോദനം നൽകി. തുടർന്ന് ബിബിൻ അച്ചൻ PAROC Explorations (Online Journal)-ന്റെ പുതിയ ലക്കം പ്രകാശനംചെയ്തു.

**ഒന്നാംവർഷ ദൈവശാസ്ത്ര വൈദികവിദ്യാർഥികളുടെ നാടകം**

ജൂലൈ 3 വെള്ളിയാഴ്ച ഒന്നാംവർഷ ദൈവശാസ്ത്ര വൈദികവിദ്യാർഥികൾ ബഹു. ആന്റോ പാണേങ്ങാടൻ അച്ചന്റെ നേതൃത്വത്തിൽ 'തിരുത്ത്' എന്ന നാടകം മനോഹരമായി അവതരിപ്പിച്ചു. കത്തോലിക്കാസഭ വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ വർഷമായി ആചരിക്കുന്ന വേളയിൽ, അസ്സീസിയുടെ ജീവിതപ്രമേയമാണ് നാടകത്തിൽ സ്വീകരിച്ചത്. നാടകാവതരണം എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

**സെമിനാരിയിലെ ഉപകാരികളുടെ സമ്മേളനം**

ജൂലൈ 4 ശനിയാഴ്ച്ച മേരിമാത മേജർ സെമിനാരിയിൽ ഉപകാരികളുടെ സംഗമം നടന്നു. രാവിലെ 10.30ന് ആരംഭിച്ച പൊതുയോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അധ്യക്ഷത വഹിച്ചു. സെമിനാരി റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. സ്റ്റാഫ് സെക്രട്ടറി ഫാ. ടൈസൺ മണ്ടുംപാൽ റിപ്പോർട്ട് വായിച്ചു. സെമിനാരി പ്രൊക്യുറേറ്റർ ഫാ. ജിക്സൺ താഴത്ത് 2025-2026 വർഷത്തിലെ കണക്ക് അവതരിപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യസന്ദേശം നൽകി. തുടർന്ന് 12.15 ന് പിതാവിന്റെ കാർമ്മികത്വത്തിൽ ഉപകാരികളുമൊന്നിച്ച് വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന്

ഉച്ചഭക്ഷണം കഴിച്ച്, 2 മണിക്ക് Marymatha Seminarians Assistance Trust (MSAT) ന്റെ ഉപദേശക സമിതിയുടെ യോഗം നടത്തപ്പെട്ടു.

**മാസധ്യാനം**

ജൂലൈ മാസത്തിലെ മാസധ്യാനം 10, 11 തീയതികളിൽ നടക്കുകയുണ്ടായി. റവ. ഫാ. പോൾ മാളിയമ്മാവ് ധ്യാനചിന്തകൾ പങ്കുവെച്ചു. വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം എന്നീ കൂദാശകളുടെ ആത്മീയതയായിരുന്നു മുഖ്യ പ്രമേയം.

**ബേഴ്സ് സ്ഥാപിച്ചവർ**

**I. Individual Patron Membership**

1. ശ്രീ. പി. എം. ടോമി, പൂവരശുമൂട്ടിൽ ഹൗസ്, ആശാരിക്കാട് പി. ഒ., വെള്ളച്ചാൽ, തൃശൂർ, 680751.
2. ശ്രീമതി റോസ് എൻ. യു. & ജോർജ്ജ് ചിറമ്മൽ, ചിറമ്മൽ ഹൗസ്, ശാന്തി സ്ട്രീറ്റ്, കുരിയച്ചിറ, തൃശൂർ, 680006.
3. ശ്രീ. ഡേവിഡ് വാഴപ്പിള്ളി, വാഴപ്പിള്ളി ഹൗസ്, കൈപറമ്പ് പി.ഒ., തൃശൂർ, 680546.
4. ശ്രീമതി ഡെയ്സി പയസ്, കൂത്തൂർ ഹൗസ്, വെള്ളറക്കാട് പി.ഒ., തൃശൂർ, 680584.
5. ശ്രീ. ഡിപ്സൻ കെ.പി, കൂത്തൂർ ഹൗസ്, വെള്ളറക്കാട് പി.ഒ., തൃശൂർ, 680584.
6. ശ്രീമതി ഡാലിയ കെ.പി. കൂത്തൂർ ഹൗസ്, വെള്ളറക്കാട് പി.ഒ., തൃശൂർ, 680584.

**II. Institutional Benefactor Membership**

1. ഹെഡ് മിസ്ട്രസ്, നിർമ്മലമാത സെൻട്രൽ സ്കൂൾ, ഈസ്റ്റ് ഫോർട്ട്, തൃശൂർ, 680005.

**III. Individual Benefactor Membership**

1. സി. സുപ്പീരിയർ ജനറൽ, ഹോളി സ്പിരിറ്റ് ജനറലേറ്റ്, വെട്ടിക്കൽ, മണ്ണുത്തി.
2. ശ്രീ. ജോൺ ജോസ്, കാഞ്ഞിരപറമ്പിൽ ഹൗസ്, കുറ്റൂർ പി.ഒ., തൃശൂർ, 680651.

**ഫാ. സെബാസ്റ്റ്യൻ ചാലക്കൽ**

റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ എത്രയും വാത്സല്യമുള്ള കുഞ്ഞുമക്കളെ ....

എല്ലാവർക്കും സുഖമാണോ ? എന്തൊക്കെയുണ്ട് വിശേഷങ്ങൾ ? എല്ലാവരും നന്നായി പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടെന്ന് വിശ്വസിക്കുന്നു. ഓഗസ്റ്റ് മാസം കുട്ടികളെയും മുതിർന്നവരെയും സംബന്ധിച്ചിടത്തോളം ഒത്തിരി സന്തോഷത്തിന്റെ ഒരു മാസക്കാലമാണ് എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം. കാരണം നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും നമ്മുടെ അമ്മയായ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോഹണവും നാം ആഘോഷിക്കുന്നത് ഈ മാസത്തിലാണല്ലോ. ഒരു വ്യക്തി സ്വർഗത്തേക്ക് കരേറി എന്ന് പറയുമ്പോൾ ആ വ്യക്തി അവന്റെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് വളർന്നു എന്ന് വേണം നാം മനസിലാക്കാൻ. അങ്ങനെയാണെങ്കിൽ യഥാർത്ഥ സ്വാതന്ത്ര്യം ആയുധങ്ങൾ കൊണ്ട് നേടിയെടുക്കുന്നതല്ല മറിച്ച് അത് കൂട്ടായ്മയിൽ ആയിരുന്നുകൊണ്ട് തന്നെ തന്നെയും മറ്റുള്ളവരെയും യഥാർത്ഥ സ്വാതന്ത്ര്യമായ ക്രിസ്തുവിലും അവന്റെ വചനത്തിലും ചേർത്തു നിർത്തുക എന്നുള്ളതാണ്.

നാം ജീവിക്കുന്നത് വലിയ പുരോഗതിയുടെയും ആധുനികതയുടെയും (Modernism) കാലഘട്ടത്തിലാണ്. എവിടെയും സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചകളാണ്. എന്നാൽ, ബാഹ്യമായി നാം അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യത്തിന് പിന്നിലും, യഥാർത്ഥത്തിൽ പലവിധത്തിലുള്ള അടിമത്തങ്ങൾ ഒളിച്ചിരിപ്പുണ്ടെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ലഹരിപദാർത്ഥങ്ങൾ (Drugs), സോഷ്യൽ മീഡിയയുടെ അമിതമായ സ്വാധീനം, മറ്റുള്ളവരോട് കരുണയില്ലാത്ത കഠിനവും ഇടുങ്ങിയതുമായ ചിന്താഗതികൾ (Rigid and Orthodox thinking) എന്നിവ ഇക്കാലത്ത് മനുഷ്യനെ അടിമകളാക്കുന്നു.

ഈ സാഹചര്യത്തിൽ, യേശുക്രിസ്തു നമുക്ക് നൽകുന്ന യഥാർത്ഥ 'ആത്മീയ സ്വാതന്ത്ര്യത്തെ' (Spiritual Freedom) കുറിച്ച് നിങ്ങളോട് പങ്കുവെക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പരിശുദ്ധാത്മാവിലൂടെ ദൈവം നമുക്ക് നൽകുന്ന ഏറ്റവും വലിയ സമ്മാനം

പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനമാണ്.

ഈ ആത്മീയ സ്വാതന്ത്ര്യം നമ്മുടെ ജീവിതത്തിൽ എങ്ങനെ അനുഭവിക്കാമെന്ന് വിശുദ്ധ ഗ്രന്ഥത്തിന്റെ (Word of God) അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കാം:

1. പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനം (Freedom from the Slavery of Sin)

നമ്മെ തെറ്റുകളിലേക്ക് നയിക്കുന്ന തിന്മയുടെ ശക്തികളെ കീഴ്പ്പെടുത്തുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യം. നമ്മൾ ചെയ്യുന്ന പാപങ്ങൾ നമ്മെ ദൈവീക സ്വാതന്ത്ര്യത്തിലേക്ക് വളർത്തുകയില്ല. എന്നാൽ യേശു നമ്മെ അതിൽ നിന്ന് പൂർണ്ണമായി സ്വതന്ത്രരാക്കുന്നു.

'യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്' (യോഹന്നാൻ 8 : 34). 'അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ സ്വതന്ത്രരാകും' (യോഹന്നാൻ 8 : 36 ). ഈശോയാണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന് നാം തിരിച്ചറിയുമ്പോഴാണ് നമ്മുടെ ജീവിതത്തിൽ ചില മാറ്റങ്ങൾക്കു വിധേയപ്പെടാൻ നമുക്ക് സാധിക്കുക.

ഇന്ന് നമ്മുടെ ഈ ചുറ്റുപാടുകളിൽ പാപത്തിൽ നമ്മെ അടിമകളാക്കുന്ന പലവിധത്തിലുള്ള സാധ്യതകളും പ്രേരകങ്ങളും ഉണ്ട് എന്ന് തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. ഒന്നാമതായി, സോഷ്യൽ മീഡിയയുടെയും സാങ്കേതികവിദ്യയുടെയും അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ഇന്നത്തെ ലോകത്ത് നിങ്ങളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഒന്നാണ് സോഷ്യൽ മീഡിയ. എന്നാൽ മണിക്കൂറുകളോളം അതിൽ മുഴുകിയിരിക്കുന്നത് നിങ്ങളുടെ സമയത്തെയും ചിന്തകളെയും അടിമപ്പെടുത്തുന്നു. അതിനപ്പുറം ദൈവത്തിലേക്കും സഹജീവികളിലേക്കും നോക്കാനുള്ള ആത്മീയ സ്വാതന്ത്ര്യം നമുക്ക് വേണം. ''എനിക്ക് എല്ലാം അനുവദനീയമാണ്; എന്നാൽ ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല'' (1 കോറിന്തോസ് 6: 12). നാം ലോകത്തിന്റെ മായകൾക്ക് അടിമയാകേണ്ടവരല്ല, ദൈവത്തിന് സ്വന്തമായവരാണ്.

രണ്ടാമതായി, ലഹരിയുടെയും ശാരീരിക മോഹങ്ങളുടെയും അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ലഹരിപദാർത്ഥങ്ങളും തെറ്റായ ശീലങ്ങളും താൽക്കാലിക സന്തോഷം തരുമെങ്കിലും അവ നിങ്ങളെ ആത്മീയമായി തകർക്കും. പരിശുദ്ധാത്മാവിലൂടെ മാത്രമേ ഈ ശാരീരിക അടിമത്തങ്ങളിൽ നിന്ന് നമുക്ക് പൂർണ്ണമായ സ്വാതന്ത്ര്യം നേടാൻ കഴിയൂ. വചനം നമ്മെ

ഓർമപ്പെടുത്തുന്നത് ഇപ്രകാരമാണ്; 'കർത്താവ് ആത്മാവാണ്; കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്' (2 കോറിന്തോസ് 3: 17). ''നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണു നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല'' (1 കോറിന്തോസ് 6 : 19 ).

മൂന്നാമതായി ആത്മീയ മന്ദതയിൽ നിന്നും നിരീശ്വരപരമായ കഠിനവും ഇടുങ്ങിയതുമായ ചിന്താഗതികളിൽ നിന്നുള്ള സ്വാതന്ത്ര്യം. ഒരുപക്ഷേ, ഒരു ആത്മപരിശോധന നടത്തിയാൽ ആത്മീയ കാര്യങ്ങളിൽ താല്പര്യമില്ലായ്മ പ്രാർത്ഥിക്കാൻ ഇഷ്ടമില്ലായ്മ എന്നിവയും, മറ്റുള്ളവരെ സ്നേഹിക്കാനോ ക്ഷമിക്കാനോ സാധിക്കാത്ത വിധം കഠിനമായ ചിന്തകളും, മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത ഇടുങ്ങിയ മനോഭാവവും ഒരു വലിയ അടിമത്തമാണ്. യേശു നൽകുന്ന സ്വാതന്ത്ര്യം സ്നേഹിക്കാനും ക്ഷമിക്കാനുമുള്ള ഹൃദയവിശാലതയാണ്. ഇത് നമ്മിൽ വളർത്തുന്ന സഹായക ശക്തിയാണ് നമ്മുടെ ആത്മീയത, നമ്മുടെ പ്രാർത്ഥന.

നമ്മുടെ പൂർവികരുടെ ജീവിതങ്ങൾ പരിശോധിച്ചു നോക്കിയാൽ ഭൗതികമായ സ്വാതന്ത്ര്യ നേട്ടത്തിന് പുറകിലും ഒരു ആത്മീയ സ്വാതന്ത്ര്യത്തിന് ഉടമകളായിരുന്നു അവർ എന്ന് നമുക്ക് മനസിലാക്കാൻ സാധിക്കും (ഗാന്ധിജി). പരിശുദ്ധ അമ്മയുടെ ജീവിതമാതൃക നമുക്ക് മാതൃകയാക്കാം. പാപത്തിന് 'നോ' പറയുകയും കുമ്പസാരമെന്ന കൂദാശയുടെ നമ്മെ തന്നെ സ്വാതന്ത്ര്യത്തിലേക്ക് വീണ്ടെടുത്തും നമുക്ക് വിശുദ്ധരായി മാറാം. ഈശോ സ്വർഗത്തിൽ നമ്മെയും നമ്മുടെ സുകൃതങ്ങളും കാത്തിരിക്കുന്നുണ്ടെന്ന ചിന്ത നമ്മെ നയിക്കാൻ ചാലകശക്തിയായി നമ്മെ പ്രോത്സാഹിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രിയപ്പെട്ട മക്കളേ, ലോകം നൽകുന്ന വ്യാജമായ സ്വാതന്ത്ര്യത്തിന്റെ കെണികളിൽ വീണുപോകാതെ, യേശുക്രിസ്തു പരിശുദ്ധാത്മാവിലൂടെ നൽകുന്ന യഥാർത്ഥ ആത്മീയ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ നമുക്ക് പ്രാർത്ഥിക്കാം വിശുദ്ധമായ ഒരു ജീവിതം നയിക്കാൻ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

പരിശുദ്ധ കന്യകാമറിയത്തിന്റ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു.

സ്വാതന്ത്ര്യത്തെ ദൈവികപദ്ധതിയോടുചേർന്ന് വിനിയോഗിച്ച പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പ്രചോദനമാകട്ടെ. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം അഭംഗുരം സംരക്ഷിക്കാൻ നമുക്ക് നിലകൊള്ളാം. രാജ്യം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമാധാനത്തിലും നന്മയിലും സമൃദ്ധിയിലും മതേതരത്വത്തിലും പുരോഗമിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം, പ്രയത്നിക്കാം. ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങൾക്ക് സാക്ഷ്യം നൽകാൻ സദാ സന്നദ്ധരാകാം. അതിന് ദൈവമാതാവായ പരിശുദ്ധ കന്യ കാമറിയത്തിന്റെയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും വി. എവുപ്രാസ്യയുടെയും മാധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

### I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

1. സ്പിരിച്വൽ ബൊക്കെ: അഭിവന്ദ്യ പിതാവിന് ജൂബിലി സമ്മാനം. 2026 ഓഗസ്റ്റ് 15ന് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു. നമ്മുടെ വിശ്വാസ പരിശീലന ശുശ്രൂഷയുടെ വിവിധ സമിതികളിൽ നിന്നുള്ള നിർദ്ദേശം അനുസരിച്ച് സുവർണ്ണ ജൂബിലി ആഘോഷവേളയിൽ അഭിവന്ദ്യ പിതാവിന് ഒരു സ്പിരിച്വൽ ബൊക്കെ സമ്മാനിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ ബലിയർപ്പണങ്ങളും പ്രാർത്ഥനകളും ഒരുമിച്ച് ചേർക്കുന്ന ഒരു ആത്മീയ ബൊക്കെ – അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലന വിദ്യാർത്ഥികളും അധ്യാപകരും ഈ ബൊക്കെ നിർമ്മിക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ നിയോഗാർത്ഥം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക, വിശ്വാസപ്രമാണം ചൊല്ലുക, സ്വർഗ്ഗസ്ഥനായ പിതാവേ, എത്രയുള്ള മാതാവേ, എന്നീ പ്രാർത്ഥനകളും സുകൃതജപങ്ങളും ചൊല്ലുക. ഓരോ ഇടവകയും സ്പിരിച്വൽ ബൊക്കെയിലേക്ക് നൽകുന്ന പൂക്കളുടെ എണ്ണം (പ്രാർത്ഥന കളുടേയും ബലിയർപ്പണങ്ങളുടേയും എണ്ണം) ആഗസ്റ്റ് രണ്ടിന് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ അറിയിക്കുക. യൂണിറ്റിലെ എല്ലാ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ പ്രിൻസിപ്പൽ നേതൃത്വം വഹിക്കണം.

2026 ജൂലൈ 12 മുതൽ ഓഗസ്റ്റ് രണ്ടുവരെയാണ് ഇതിനു വേണ്ടിയുള്ള പ്രാർത്ഥനാപൂക്കൾ തയ്യാറാക്കേണ്ടത്. കൂടുതൽ വിവരങ്ങൾ യൂണിറ്റുകളിലേക്ക് അറിയിച്ചിട്ടുള്ളതാണ്.

**2. ഏകദിന സെമിനാർ**

എ.സി.സി., 12, 11, ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ജൂൺ28, ജൂലായ് 5, 12 തിയതികളിലായി ഏകദിന സെമിനാറുകൾ നടന്നു. റവ. ഡോ. ബിൽജു വാഴപ്പിള്ളി, റവ.ഡോ. ടൈസൺ മണ്ടുംപാൽ, ഡോ. ആൻ കരോളിൻ CHF, ഡോ. ജസ്റ്റിൻ ജോർജ്ജ്, മിസിസ് ജെയ്ഷ ഒ. ജെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു. അധ്യാപക സഹായിയുടെ ഉപയോഗം, ലെസൺ പ്ലാനിങ്ങ്, പാഠപുസ്തകങ്ങളുടെ അവതരണം, ക്ലാസ്സ് പി.ടി.എ.യെക്കുറിച്ചുള്ള അവതരണം എന്നിവ ഉണ്ടായിരുന്നു. മൂന്ന് ആഴ്ചകളിലായ് 650 വിശ്വാസപരിശീലകർ പങ്കെടുത്തു.

**3. ക്രിസ്ഫോം**

എ.സി.സി., 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ 2 ബാച്ചുകൾ ജൂലായ് 3-5, 17-19 തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ നടന്നു. 105 വിദ്യാർത്ഥികൾ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

**4. മാജിസ്**

7, 12 ക്ലാസ്സുകാർക്കായി നടത്തുന്ന മാജിസ് കോഴ്സിൽ 12-ാം ക്ലാസ്സിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവ് ജൂലായ് 11ന് ഡി.ബി.സി.എൽ.സി.യിൽ നടത്തി. 152 പേർ സെലക്റ്റായതിൽ 111 വിദ്യാർത്ഥികൾ പങ്കെടുത്തു.

**5. അർദ്ധദിന സെമിനാർ**

10-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുള്ള അർദ്ധദിന സെമിനാർ ഫൊറോനാടിസ്ഥാനത്തിൽ നടന്നു. ഫൊറോന പ്രമോട്ടർമാർ, ക്ലാസ്സ് നയിച്ച സെമിനാരി ടീമംഗങ്ങൾ, ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിൽ കൺവീനർമാർ, പ്രിൻസിപ്പൽമാർ, വിശ്വാസ പരിശീലകർ, 10-ാം ക്ലാസ്സ് വിദ്യാർത്ഥികൾ, മാതാപിതാക്കൾ എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി രേഖപ്പെടുത്തുന്നു.

**6. നവാധ്യാപകർക്കുള്ള കോഴ്സ്**

ജൂലായ് 10, 11, 12 തിയതികളിൽ ഡി.ബി.സി.എൽ.സി.യിൽ വെച്ച് താമസിച്ചുള്ള കോഴ്സിൽ 45 നവവിശ്വാസപരിശീലകർ പങ്കെടുത്തു. റവ. ഡോ. സൈജോ തൈക്കാട്ടിൽ, റവ.ഡോ. ലിജോ ചാലിശ്ശേരി, റവ.ഡോ. ഷിജോ ചിരിയങ്കണ്ടത്ത്, റവ.ഫാ. ലിൻസൺ തട്ടിൽ,

റവ.ഡോ.സിജോൺ കുഴിക്കാട്ടുമ്യാലിൽ, റവ. ഡോ. ഫ്രാൻസൊ തെക്കത്ത്, റവ.ഫാ. അജിത് കൊള്ളന്നൂർ, ശ്രീ. ജോർജ് വി. കെ., ഡോ. ജോർജ് ലിയോൺസ്. ശ്രീ. ലിജോ പെരുമായൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**II.പൊതുഅറിയിപ്പുകൾ**

1. തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സുവർണ്ണ ജൂബിലി ആഘോഷവും വിശ്വാസപ രിശീലന വിദ്യാർത്ഥികളുടെ അവാർഡ് ദിനവും 2026 ആഗസ്റ്റ് 15 ശനിയാഴ്ച്ച ഡി.ബി.സി.എൽ.സി.യിൽ വെച്ച് ആഘോഷിക്കുന്നു. മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മഹനീയ സാന്നിധ്യം ഉണ്ടായിരിക്കുന്നതാണ്. അവാർഡ് ജേതാക്കൾക്കൊപ്പം ഓരോ യൂണിറ്റിൽ നിന്നും പ്രിൻസിപ്പൽ, പി.ടി.എ. പ്രസിഡണ്ട്, സ്റ്റുഡന്റ് കൗൺസിൽ ലീഡർ എന്നിവരെ ഈ ചടങ്ങിലേക്ക് ഹാർദ്ദമായി ക്ഷണിക്കുന്നു.

അവാർഡ് പൊതുസമ്മേളനം: 2 PM (01.30 PM  രജിസ്ട്രേഷൻ)

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

1. എ സി സി, പ്ലസ്ടു റാങ്ക് ജേതാക്കൾ
2. ഞായറാഴ്ച വിശ്വാസപരിശീലനം സ്കോളർഷിപ്പ് പ രീക്ഷയിൽ റാങ്ക് നേടിയവർ
3. ഞായറാഴ്ച വിശ്വാസപരിശീലനം 1–ാം ക്ലാസ്സു മുതൽ എസിസി വരെയുള്ള ക്ലാസ്സുകളിൽ  (15 വർഷം) മുടങ്ങാതെ വന്നവർ
4. ഇതിനും പുറമേ എ സി സി വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഈ മീറ്റിംഗിൽ വെച്ച് സർട്ടിഫിക്കറ്റ് നൽകുന്നു.

2. ആഗസ്റ്റ് മാസത്തെ ഏകദിന സെമിനാറുകളിൽ ക്ലാസ്സടിസ്ഥാനത്തിൽ വിശ്വാസപരിശീലകരെ പങ്കെടുപ്പിക്കുക. ആഗസ്റ്റ് 2 - Std. X, ആഗസ്റ്റ് 9 – VII, ആഗസ്റ്റ് 16 - VI, ആഗസ്റ്റ് 23 - V, ആഗസ്റ്റ് 30 - IV

3. ക്രിസ്ഫോം കോഴ്സിലേക്ക് കുട്ടികളെ പങ്കെടുപ്പിക്കുക. ആഗസ്റ്റ് 28–30 (1 മുതൽ 4 വരെയുള്ള ബാച്ചുകളിലെ ചേലക്കര, ബസിലിക്ക, കണ്ടശ്ശാംകടവ്, എരുമപ്പെട്ടി, ഒല്ലൂർ, കൊട്ടേക്കാട്, പുതുക്കാട്, പറപ്പൂർ ഫൊറോനകൾക്കായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി)

4. ക്ലാസ്സ് പി. ടി. എ: കൂടേണ്ടത്

ആഗസ്റ്റ് 2 VIII, IX,

ആഗസ്റ്റ് 9 – X, XI

ആഗസ്റ്റ് 16 XII, ACC

ആഗസ്റ്റ് 23 VI, VII

5. യൂണിറ്റ് വിസിറ്റ് ആഗസ്റ്റ് 2 മുതൽ ആരംഭിക്കുന്നു. എല്ലാ യൂണിറ്റുകളും യൂണിറ്റ് വിസിറ്റിനായ് ഒരുങ്ങുമല്ലോ.

6. എ സി സി യൂണിവേഴ്സിറ്റി റജിസ്ട്രേഷൻ ആഗസ്റ്റ് 17 മുതൽ 27 വരെ

7. നവാധ്യാപകർക്കുള്ള കോഴ്സ് (30 വയസ്സിന് താഴെയുള്ള അവിവാഹിതരായ വിശ്വാസപരിശീലകർക്ക്) – ആഗസ്റ്റ് 21–23

8. പ്രിൻസിപ്പൽ കോൺഫ്രൻസ് – സെപ്റ്റംബർ 20, 02 PM to 5PM, DBCLC

9. അർദ്ധവാർഷിക ചോദ്യപേപ്പർ വിതരണം – സെപ്റ്റംബർ 28, 29, 30 തിയതികളിൽ ഉച്ചതിരിഞ്ഞ് 2 മുതൽ 6 വരെയുള്ള സമയത്ത് വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്നതാണ്.

### III. വിശ്വാസപരിശീലകർക്കുള്ള കോഴ്സുകളും സെമിനാറുകളും – സെപ്റ്റംബർ

1. വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാറുകൾ

   സെപ്റ്റംബർ 6 : 3–൧൦ ക്ലാസ്സ്

   സെപ്റ്റംബർ 13 : 2–൧൦ ക്ലാസ്സ്

   (9.30 AM - 04.30 PM; ഡി.ബി.സി.എൽ.സി.)

മേൽപറഞ്ഞ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർ അവർക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്. വിശ്വാസപരിശീലകർ ടെക്സ്റ്റ് ബുക്ക്, അധ്യാപക സഹായി, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടു വരേണ്ടതാണ്.

### IV. വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുള്ള പരിപാടികൾ

1. ക്രിസ്ഫോം 1 – പ്ലസ്ടു, എ. സി. സി. വിദ്യാർത്ഥികൾക്ക്

സെപ്റ്റംബർ മാസങ്ങളിലെ ഫൊറോനകളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

സെപ്റ്റംബർ 18–20 (മറ്റം, വടക്കാഞ്ചേരി), 25–27 (പാലയൂർ, പുത്തൂർ)

ഓരോ ഫൊറോനക്കും നിശ്ചയിച്ച തിയതിയിൽ പങ്കെടുക്കാ

നുള്ള വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. ക്രിസ്ഫോം II – ഗാതറിംഗ് –3 സെപ്റ്റംബർ 11 – 13 തിയതികളിൽ ഡി.ബി.സി.എൽ.സി.യിൽ

**V. സ്കൂൾ കാറ്റകിസം**

1. സ്കൂൾ കാറ്റകിസം, മോറൽ സയൻസ് അവാർഡ് ദിനം

ആഗസ്റ്റ് 8 ശനി ഡി.ബി.സി.എൽ.സി. യിൽ 02.30 മുതൽ നടക്കുന്നു. സ്കോളർഷിപ്പ് അവാർഡ് ലഭിച്ച എല്ലാ വിദ്യാർത്ഥികളെയും ഈ ദിനത്തിലേക്ക് ക്ഷണിക്കുന്നു.

2. സ്കൂൾ കാറ്റകിസം ആവശ്യങ്ങൾക്കായി 9188131311 ഈ നമ്പറിൽ വിളിക്കുക

**ഫാ. സൈജോ തൈക്കാട്ടിൽ,** ഡയറക്ടർ

ഫാ. ഫ്രാൻസോ തെക്കത്ത്, അസി. ഡയറക്ടർ

## എക്സൽ അക്കാദമി

K-TET **(കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്)**

K-TET പരിശീലനത്തിനു വേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചുകളിലേക്കുള്ള അഡ്മിഷൻ നവംബർ മാസത്തിൽ ആരംഭിക്കുന്നതാണ്. കേരളത്തിലെ സ്കൂളുകളിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ലാംഗ്വേജ് ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കുന്നതിനായി കേരള പരീക്ഷാഭവൻ നടത്തുന്ന നിർബന്ധിത സംസ്ഥാനതല പരീക്ഷയാണ് K-TET. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ആവശ്യമായ ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി കേരള പരീക്ഷാഭവൻ വർഷത്തിൽ രണ്ടുതവണ (സാധാരണയായി ഫെബ്രുവരി/ജൂൺ മാസങ്ങളിൽ) ഈ പരീക്ഷ നടത്തുന്നു.

ഒക്ടോബർ/നവംബർ ബാച്ചിലേക്ക് ചേരാൻ താത്പര്യമുള്ളവർ ഉടൻ രജിസ്റ്റർ ചെയ്യുക.

കൂടുതൽ വിവരങ്ങൾക്കും ഫീസ് നിരക്കുകൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

Civil service courses (സിവിൽ സർവീസ് കോഴ്സ്)

സിവിൽ സർവീസ് കോച്ചിംഗ് ഡെയിലി ആൻഡ് വീക്കെൻഡ് ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിച്ചു. തിങ്കൾ മുതൽ വെള്ളിവരെ ഡെയിലി ബാച്ചുകളും ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ജൂലായ് മാസത്തിൽ ആരംഭിക്കുന്നു.

ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്കും, പിജി വിദ്യാർത്ഥികൾക്കും അഡ്മിഷൻ എടുക്കാവുന്നതാണ്.

പ്രധാനമായും നാല് വർഷത്തെ ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തിയാക്കുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അഭ്യർത്ഥന പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് ഭാഗികമായ ഇളവ് നൽകുന്നതാണ്. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ആഗസ്റ്റ് 20 നകം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക.

Coaching Centre for Minority Youth (ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അഡ്മിഷൻ ആഗസ്റ്റ് 20 വരെ.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

Contact:

Excel Academy: 9744941585
Prof. Dr. Mani K Peter- Academic Head: 9847235070
Ashik Thomas - Administrative & Technical Support: 7907326322

# INSTITUTE OF THEOLOGY
**TRICHUR D B C L C**
**(Phone : 0487- 2333245, Mob : 9188131341)**

**Institute of Theology Convocation & Academic Year Inauguration**

ജൂൺ 21 ന് നടന്നു. 2025-2026 അധ്യയന വർഷത്തിലെ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിവന്ദ്യ പിതാക്കൻമാർ സർട്ടിഫിക്കറ്റ് നൽകി. ക്ലാസ്സുകൾ നയിച്ച ബഹു. അധ്യാപകർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിനന്ദനങ്ങൾ.

**1. കോഴ്സുകൾ**

a. B.A. in Theology and Religious Studies (Three Years)

ഫസ്റ്റ് സെമസ്റ്ററിലെ Christology and Eschatology (Rev. Dr. Sebastain Chalackal), Methodology (Rev. Dr. Taison Mandumpal), Advanced English for Theological Studies I (Rev. Dr. Jolly Theresa CHF) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

b. Certificate Course in Theology (One Year)

ജൂലായ് 05, 19 തിയ്യതികളിൽ ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Lijo Chalissery), പഴയനിയമത്തിനൊരാമുഖം (Rev. Fr. Linson Thattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

c. Advanced Certificate Course in Theology (Six Months)

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course - മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു. വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും പതിനൊന്നോളം സന്യാസിനികൾ പങ്കെടുക്കുന്നു.

d. New Certificate Courses on

Certificate Course on Sacred Liturgy

Certificate Course on Holy Spirit

പുതിയ ബാച്ച് ക്ലാസ്സുകൾ ജൂലായ് മാസത്തിൽ ആരംഭിച്ചു.

**e. Catechism of the Catholic Church (CCC)**

ജൂലായ് 12, 26 തിയ്യതികളിൽ Ten Commandments I (Rev. Dr. Taison Mandumpal), Ten Commandments II (Rev. Dr. Taison Mandumpal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**f. Certificate Course on Guidance and Counselling**

ജൂലായ് 12 ന് General Psychology & Personality Theories (Rev. Dr. Joby Kadapuran), എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**g. Certificate Course on Sacraments and Sacramentals**

ജൂലായ് 05, 19 തിയ്യതികളിൽ കൂദാശകൾ ആമുഖപഠനം (Rev. Dr. Anto Panengadan), കൃപയും അനുഗ്രഹവും: ദൈവശാസ്ത്ര ആത്മീയ വീക്ഷണങ്ങൾ (Rev. Dr. Anto Panengadan) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ

**ഫാ. ഫ്രാൻസോ തെക്കത്ത്**, ഡീൻ & രജിസ്ട്രാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ഓക്സിജൻ തെറാപ്പി**

ദീർഘകാലമായുള്ള പ്രമേഹം മൂലം രക്തചംക്രമണം നിലച്ച് ചലനശേഷി നഷ്ടപ്പെട്ട വിരലോ കാൽപാദമോ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യാതെ സംരക്ഷിക്കാം. ചലനശേഷി നഷ്ടപ്പെടുന്നതിനുമുമ്പേ മൈക്രോന്യൂറൽ ശസ്ത്രക്രിയയും ഓക്സിജൻ തെറാപ്പിയും നൽകി രക്തചംക്രമണവും ചലനശേഷിയും വീണ്ടെടുക്കാമെന്ന് പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. കെ. എം. പ്രദ്യോത്. ഒരാളുടെ ശരീരത്തിലുള്ള ഓക്സിജൻ 21 ശതമാനത്തിൽ നിന്ന് നൂറുശതമാനമാക്കുന്ന സംവിധാനമാണ് ഓക്സിജൻ തെറാപ്പി. ഈ സംവിധാനം ദക്ഷിണേന്ത്യയിൽ ആദ്യമായി ആരംഭിച്ചത് 2011 ൽ ജൂബിലി മിഷനിലാണ്.

**ലോക രക്തദാനദിനാചരണം**

ലോക രക്തദാനദിനത്തോടനുബന്ധിച്ച് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടിയും യൂത്ത് ഡോണർ ക്ലബ്ബായ 'ക്ലബ്ബ് 25'-ന്റെ ഉദ്ഘാടനവും നടന്നു. പരിപാടിയിൽ, സ്ഥിരമായി രക്തദാനം ചെയ്യുന്ന ദാതാക്കളെയും ലോക രക്തദാനദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ മത്സരത്തിലെ വിജയികളെയും ആദരിച്ചു.

## നവീകരിച്ച അത്യാധുനിക ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം

നവീകരിച്ച അത്യാധുനിക ഓപ്പറേഷൻ തിയ്യേറ്റർ സമുച്ചയത്തിന്റെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ നിർവ്വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച മന്ത്രി തൃശ്ശൂരിലെ സ്വകാര്യ ആശുപത്രികളിൽ ഏറ്റവും വലിയ പാരമ്പര്യവും വിശ്വാസ്യതയും കൈവരിച്ച സ്ഥാപനമാണ് ജൂബിലിയെന്ന് അഭിപ്രായപ്പെട്ടു. ആരോഗ്യം, ചികിത്സ, വിദ്യാഭ്യാസം, ഗവേഷണം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ നൽകിയ സംഭാവനകൾ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു. ഏകദേശം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. തൃശ്ശൂർ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ആശീർവ്വാദസന്ദേശം നൽകി.

## കാന്റർബറി യൂണിവേഴ്സിറ്റിയും ജൂബിലി മിഷനും തമ്മിൽ ധാരണാപത്രം

നേഴ്സിങ്ങ് വിദ്യാഭ്യാസം, ഗവേഷണം, അധ്യാപക-വിദ്യാർത്ഥി കൈമാറ്റം, ആരോഗ്യരംഗത്തെ മികച്ച പ്രവർത്തനങ്ങളുടെ പങ്കുവെയ്ക്കൽ എന്നിവ ലക്ഷ്യമാക്കി ജൂബിലി മിഷൻ ഗ്രൂപ്പും യുകെയിലെ കെന്റിലുള്ള കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയും ധാരണാപത്രം ഒപ്പുവെച്ചു. യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് സ്കൂൾ ഓഫ് നേഴ്സിങ്ങ്, മിഡ്വൈഫറി, അലൈഡ് ആൻഡ് പബ്ലിക്ക് ഹെൽത്തിലെ സ്കൂൾ ഡയറക്ടർ ഓഫ് റിസേർച്ച് ആന്റ് സ്കോളർഷിപ്പും, റിസേർച്ച് സൂപ്പർവൈസറുമായ ഡോ. ലൂക്ക് ഇവാർട്ടും ഡെപ്യൂട്ടി ഡീനായ റെബെക്ക സാൻഡിസും ജൂബിലി മിഷൻ സന്ദർശിക്കുകയും വിവിധ അക്കാദമിക് ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു. ഈ ധാരണാപത്രത്തിലൂടെ നേഴ്സിങ്ങ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സംയുക്ത ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിനും വഴിയൊരുങ്ങും. ആരോഗ്യ വിദ്യാഭ്യാസത്തിലും രോഗീപരിചരണത്തിലും ആഗോള നിലവാരത്തിലുള്ള മികച്ച മാതൃകകൾ പങ്കുവെച്ച് ഇരുസ്ഥാപനങ്ങളും ഭാവിയിൽ കൂടുതൽ സഹകരണപദ്ധതികൾ നടപ്പാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

## ജൂബിലി ആയുർവേദയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

രാമവർമ്മപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും നടന്നു.

**ജൂബിലിയിൽ ഓപ്പൺ ജിം**

ആരോഗ്യപരിപാലന രംഗത്തെ 75 വർഷത്തെ സമാനതകളില്ലാത്ത സേവന പാരമ്പര്യത്തിന്റെ സ്മരണക്കായി ആശുപത്രിയിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി 'ഓപ്പൺ ജിം' സംവിധാനമൊരുക്കി. ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് ഈ പുതിയ സംരംഭം പൊതുജനങ്ങൾക്കായി സമർപ്പിച്ചത്. 'നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം' (Our Health Our Responsibility) എന്ന ശക്തമായ സന്ദേശമാണ് ഈ ഓപ്പൺ ജിമ്മിലൂടെ ആശുപത്രി മുന്നോട്ട് വെയ്ക്കുന്നത്.

**ക്രിറ്റിക്കൽ കെയർ ശില്പശാല**

ജൂബിലി മിഷൻ ആശുപത്രിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റേയും ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തിന്റേയും ഭാഗമായി 'നേഴ്സുമാരുടെ അത്യാഹിത ശുശ്രൂഷാ നൈപുണ്യം പോഷിപ്പിക്കുക'(Enhancing emergency care skills among nursing staffs) – എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ഇരുപത്താറോളം സ്ഥാപനങ്ങളിൽ നിന്നായി ഇരുനൂറോളം നേഴ്സിങ്ങ് അധ്യാപകരും നേഴ്സുമാരും നേഴ്സിങ്ങ് വിദ്യാർത്ഥികളും ശില്പശാലയിൽ പങ്കെടുത്തു.

**ജൂബിലിയിൽ ഫോക്കസ്–2026–ന് പ്രൗഢ തുടക്കം**

ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി വിഭാഗവും തൃശ്ശൂർ ഒ ആന്റ് ജി സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഫോക്കസ് പി.ജി. ബിരുദാനന്തരബിരുദ പരിശീലനപരിപാടിക്ക് പ്രൗഢമായ തുടക്കമായി. യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഒ.ബി.ജി.യിലെ പി.ജി. വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന അഞ്ചു ദിവസത്തെ തീവ്ര പരിശീലന പരിപാടിയാണിത്. ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഐ.എ.എസ്. ഭദ്രദീപം തെളിയിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു.

**കേരളത്തിലെ മികച്ച മെഡിക്കൽ കോളേജായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ്**

ഇന്ത്യ ടുഡേ–എം.ഡി.ആർ.എ–യുടെ ബെസ്റ്റ് കോളേജസ് സർവ്വേ 2026–ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ മികച്ച മെഡിക്കൽ കോളേജായി തിരഞ്ഞെടുക്കപ്പെട്ടു. ഈ വർഷം ദേശീയ തലത്തിൽ 42–ാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലിക്ക് കഴിഞ്ഞ വർഷത്തെ 45–ാം സ്ഥാനത്തുനിന്ന് മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചുവെന്ന്

പ്രിൻസിപ്പാൾ ഡോ. എം. എ ആൻഡ്രൂസ് അറിയിച്ചു. വിദ്യാർത്ഥികളുടെ നിലവാരം, അക്കാദമിക് മികവ്, അധ്യാപന-ഗവേഷണ നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, ക്യാമ്പസ് അനുഭവം, വ്യക്തിത്വ-നേതൃത്വ വികസനം, തൊഴിൽ സാധ്യതകൾ, സ്ഥാപനത്തിന്റെ പൊതുജന-വിദഗ്ധ വിലയിരുത്തൽ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇന്ത്യ ടുഡേ-എം.ഡി.ആർ.എ. റാങ്കിംഗ് തയ്യാറാക്കുന്നത്. കേരളത്തിൽ ഒന്നാം സ്ഥാനവും ദേശീയ തലത്തിൽ മികച്ച മുന്നേറ്റവും കൈവരിച്ച ജൂബിലി മിഷന്റെ ഈ നേട്ടം വിദ്യാഭ്യാസ മികവിനും ഗവേഷണ മികവിനും രോഗീകേന്ദ്രീകൃത ആരോഗ്യസേവനത്തിനുമുള്ള അംഗീകാരമാണെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു.

**എംപവറിങ്ങ് എക്സലൻസ് : ജൂബിലിയിൽ നേഴ്സിങ്ങ് ശില്പശാല**

'എംപവറിങ്ങ് എക്സലൻസ് ഇൻ ഹയർ എഡ്യുക്കേഷൻ സ്ട്രാറ്റജി ഫോർ ക്വാളിറ്റി എൻഹാൻസ്മെന്റ് ആന്റ് അക്കാദമിക് ട്രാൻസ്ഫോർമേഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി നേഴ്സിങ്ങ് കോളേജിലെ അധ്യാപകർക്കായി രണ്ട് ദിവസത്തെ ശില്പശാല നടത്തി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈ. ലിമിറ്റഡ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- അല്ലി, D/o ഷീല ജോസ്, ചേലക്കര മുള്ളൂർക്കര, തൃശ്ശൂർ
- വർഗ്ഗീസ്, മഞ്ഞില ഹൗസ്, പൊങ്ങണംകാട്, തൃശ്ശൂർ
- വിജയമാത ചർച്ച്, ചിയ്യാരം, തൃശ്ശൂർ
- കൗൺസിൽ ഓഫ് കാത്തലിക് വുമൺസ് ഓഫ് ഇന്ത്യ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ആൻസി വർഗ്ഗീസ്
- കുഞ്ഞച്ചൻ കെ. എരിഞ്ചേരി, ചിയ്യാരം, തൃശ്ശൂർ
- പി. പി. തോമസ് (ലേറ്റ്), പറക്കാട്ട് ഹൗസ്, തൊടുപുഴ

**ഫാ. റെന്നി മുണ്ടൻകുര്യൻ**

ഡയറക്ടർ

# മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**ഫ്രഷേഴ്സ് ഡേ**

കോളേജിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കായി ഫ്രഷേഴ്സ് ഡേ ജൂലായ്13ന് സംഘടിപ്പിച്ചു. പരിപാടിയിൽ കോളേജ് പ്രിൻസിപ്പാൾ ഫാദർ. ചാക്കോ ചിറമ്മൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും അസിസ്റ്റന്റ് മാനേജർ ഫാ. ഷിജു ചിറ്റിലപ്പിള്ളി അധ്യക്ഷ പ്രസംഗം നടത്തുകയും കോളേജ് മാനേജർ ഫാ. ജോസ് കോനിക്കര പരിപാടി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വിവിധ കലാപരിപാടികളും പരിചയപ്പെടൽ പരിപാടികളും നടന്നു. പുതുമുഖങ്ങൾക്ക് സൗഹൃദപരമായ അന്തരീക്ഷം ഒരുക്കാൻ പരി പാടി സഹായകമായി.

**ഇൻഡക്ഷൻ പ്രോഗ്രാം**

വിദ്യാർത്ഥികളെ കോളേജിന്റെ പ്രവർത്തനരീതി, അക്കാദമിക് സംവിധാനങ്ങൾ, ചട്ടങ്ങൾ, വിവിധ ക്ലബ്ബുകൾ എന്നിവയെക്കുറിച്ച് പരിചയപ്പെടുത്തുന്നതിനായി ഇൻഡക്ഷൻ പ്രോഗ്രാം ജൂലായ് 20ന് നടത്തി. അധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു.

**ഗ്രാജുവേഷൻ സെറിമണി**

ജൂലായ് 24ന് മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2024 – 2026 ബാച്ചിന്റെ 23–ാമത് ഗ്രാജുവേഷൻ സെറിമണി ഭംഗിയായി സംഘടിപ്പിച്ചു. കോളേജ് മാനേജർ മോൺ.ഫാ.ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു. റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് (പ്രിൻസിപ്പൽ, സെന്റ് തോമസ് ഓട്ടോനോമസ് കോളേജ്, തൃശ്ശൂർ) ഉദ്ഘാടനം നടത്തി. എല്ലാ വിദ്യാർത്ഥികൾക്കും ബിരുദ അവാർഡ് വിതരണം, പ്രതിജ്ഞ ചൊല്ലൽ എന്നിവയും നടന്നു. ആശംസാപ്ര സംഗങ്ങളോടെ പരിപാടി സമാപിച്ചു.

**എൻ.എസ്.എസ് യൂണിറ്റ്**

എൻ.എസ്.എസ് യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂലായ് 28ന് നടന്നു. സാമൂഹ്യസേവനത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്ന സന്ദേശങ്ങൾ അവതരിപ്പിക്കുകയും വിദ്യാർത്ഥികളെ സേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**ടാലന്റ് ഷോ**

വിദ്യാർത്ഥികളുടെ കലാപരവും സൃഷ്ടിപരവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനായി ടാലന്റ് ഷോ ജൂലായ് 29ന് സംഘടിപ്പിച്ചു. ഗാനാലാപനം, നൃത്തം, പ്രസംഗം, മറ്റ് കലാപരിപാടികൾ എന്നിവ അവതരിപ്പിച്ചു. പരിപാടി എല്ലാവരുടെയും പ്രശംസ നേടി.

**ഫാ. ചാക്കോ ചിറമ്മൽ,** കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി,** അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

1. **ഓർമ്മിക്കാൻ...ആചരിക്കാൻ..**

   4 ചൊവ്വ – വി. ജോൺ മരിയ വിയാനി
   7 വെള്ളി – ആദ്യവെള്ളി, വി. കുർബാന
   8 ശനി – ക്വിറ്റ് ഇന്ത്യദിനം
   15 ശനി – ഇന്ത്യൻ സ്വാതന്ത്ര്യദിനം
   പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ
   29 ശനി – വി. എവുപ്രാസ്യ

**2. വിജയോത്സവം 2026**

2026 വർഷത്തെ ഫാ. തോമസ് വാഴപ്പിള്ളി ബെസ്റ്റ് ടീച്ചർ അവാർഡ് വിതരണവും 2026 വർഷത്തെ SSLC, PLUS TWO അവാർഡ് വിതരണവും തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ (CEAAT) പുതിയ വെബ്സൈറ്റിന്റെ ഉദ്ഘാടനവും 2026 ജൂൺ 27–ാം തീയതി ശനിയാഴ്ച 1.30 PM ന് DBCLC ഓഡിറ്റോറിയത്തിൽ തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ വെരി. റവ. മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ച യോഗത്തിന് കോർപ്പറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപതയിലെ പ്രഥമ കോർപ്പറേറ്റ് മാനേജർ ഫാ തോമസ് വാഴപ്പിള്ളി മെമ്മോറിയൽ ബെസ്റ്റ് ടീച്ചർ അവാർഡ് ലൂർദ്ദ് യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി K.R ഷീജ ടീച്ചർക്ക് സമ്മാനിച്ചു. റവ ഫാ തോമസ് വാഴപ്പിള്ളിയുടെ സഹോദരൻ ശ്രീ V.S ചാക്കോച്ചൻ വാഴപ്പിള്ളി അവാർഡ് തുക ടീച്ചർക്ക് സമ്മാനിച്ചു. യോഗത്തിൽ വെരി. റവ. ഫാ. ജോസ് വല്ലൂരാൻ, റവ. ഫാ. റിൻജോ മാത്യു ഓലപ്പുരക്കൽ, റവ ഫാ റാഫേൽ മുത്തുപ്പീടിക,

വെരി റവ ഫാ ജോബ് വടക്കൻ, ശ്രീ മിഥുൻ പി, ശ്രീ. ജോസഫ് ആന്റണി K, ശ്രീ. Dr. ബെജിൻ പ്രിൻസ്, ശ്രീ സ്റ്റാർലിൻ ഷിന്റോ T V, ശ്രീമതി ഷീജ K R , ശ്രീ K A ബെന്നി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വരന്തരപ്പിള്ളി C. J. M. അസംപ്ഷൻ ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥിനികൾ മനോഹരമായ പ്രാർത്ഥന ഗാനം നൃത്തരൂപത്തിൽ അവതരിപ്പിച്ചു.

**ഫാ. ജോയ് അടമ്പുകുളം** , മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 5,6,7 – 12,13,14 – 25,26,27 (ചൊവ്വ, ബുധൻ, വ്യാഴം). ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി,**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**അതിരൂപത കുടുംബകൂട്ടായ്മ അവാർഡ് വിതരണം**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ മാതൃക യൂണിറ്റുകൾക്കുള്ള പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു.

ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അവാർഡ് വിതരണ സമ്മേളനം ഉദ്ഘാടനം നിർവഹിച്ചു. സമൂഹത്തിലും കുടുംബങ്ങളിലും പ്രവാചക ദൗത്യമാണ് നിർവഹിക്കേണ്ടതെന്ന് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വചനത്തിലും കൂട്ടായ്മയിലും പ്രബോധനത്തിലും ഒന്നിച്ചു മുന്നേറണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തുടർന്ന് 21 മാതൃക യൂണിറ്റുകൾക്കും 14 യൂണിറ്റുകൾക്കും പ്രോൽസാഹന സമ്മാനങ്ങളും നൽകി. അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി അധ്യക്ഷനായി. അതിരൂപത കുടുംബകൂട്ടായ്മ ജനറൽ കൺവീനർ പ്രൊഫ.ജോർജ് അലക്സ്, ജനറൽ സെക്രട്ടറി ഏ.ഡി.ഷാജു, ട്രഷറർ സി.ടി. ജോയ്, ഫാ ഫ്രെഡറിക്ക് എലുവത്തിങ്കൽ, ഫാ. ജെയ്മോൻ അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. 2025-26 വർഷങ്ങളിൽ അതിരൂപതയിലെ ഇടവകകളിൽ മികച്ച പ്രവർത്തനം നടത്തിയ യൂണിറ്റുകൾക്കാണ് മാതൃക അവാർഡ് നൽകിയത്. അന്ന ബാബു, ഫാജി വർഗ്ഗീസ്, ജോമി ജോൺസൺ, റോബിൻസൺ മൂക്കൻ എന്നിവർ പ്രസംഗിച്ചു.

### കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുള്ള കലാ സാഹിത്യ മത്സരങ്ങൾ

ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇടവകതലത്തിലും സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ ഫൊറോന തലത്തിലും ഒക്ടോബർ/നവംബർ മാസങ്ങളിൽ അതിരൂപത തലത്തിലും മത്സരങ്ങൾ നടത്തപ്പെടുന്നു. കലാസാഹിത്യ മത്സരങ്ങളെ കുറിച്ചുള്ള വിശദവിവരങ്ങൾ കുടുംബകൂട്ടായ്മ വാടാസ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്.

### ഉണർവ് - 2026

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2026 തലക്കോട്ടുകര ഇടവകയിൽ നടത്തി. ഉണർവ്വ് - 2026 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

### കുടുംബകൂട്ടായ്മ പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്

കുടുംബകൂട്ടായ്മകൾക്കാവശ്യമായ പ്രാർത്ഥനാ പുസ്തകം (വലുത്), ഹാജർ ബുക്ക്, ഫ്ളാഗ് എന്നിവ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിലുള്ള കുടുംബകൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്.

ചെറിയ പ്രാർത്ഥനാ പുസ്തകം ഔട്ട് ഓഫ് പ്രിന്റ് ആണ്. (തിങ്കൾ മുതൽ ശനി വരെ. ഓഫീസ് സമയം -10.00 മുതൽ 12.30 വരെയും 1.30 മുതൽ 4.30 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ,** അസി. ഡയറക്ടർ
**പ്രൊഫ. ജോർജ്ജ് അലക്സ്**, ജനറൽ കൺവീനർ
**എ. ഡി. ഷാജു**, ജനറൽ സെക്രട്ടറി

## മാതൃവേദി

### ഫ്രാൻസിസ്കൻ ആദ്ധ്യാത്മിക പ്രബോധന ക്ലാസ്സ്

മാതൃവേദി അംഗങ്ങൾക്കായി ഫ്രാൻസിസ്കൻ ആദ്ധ്യാത്മിക പ്രബോധനത്തിന്റെ രണ്ടാമത്തെ ക്ലാസ്സ് ഓഗസ്റ്റ് 20-ാം തിയ്യതി രാവിലെ 9.30 മുതൽ സംഘടിപ്പിക്കുന്നു. അതിനുശേഷം ഓണാഘോഷ പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. ഓണാഘോഷ പരിപാടികൾക്ക് നേതൃത്വം നൽകുന്നത് ബസിലിക്ക, കണ്ടശാങ്കടവ് ഫൊറോന മാതൃവേദി അംഗങ്ങളാണ്.

### കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് ബസിലിക്ക, കണ്ടശ്ശാംകടവ് ഫൊറോനകളിലെ ഇടവകകളാണ്. താൽപര്യമുള്ളവർ ആഗസ്റ്റ് 20-ാം തിയ്യതി വ്യാഴാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല ബിജു**, പ്രസിഡണ്ട്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്തൊലേറ്റിൽ ആഗസ്റ്റ് 3 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരു മണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചുട്ടുള്ള ഏലീശ്വാ സഹഗമനം ആഗസ്റ്റ് മാസത്തെ ഓൺലൈൻ ആരാധന യും ക്ലാസ്സും ആഗസ്റ്റ് 9–ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 7.00 മുതൽ 8.00 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്ര ഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**'ശ്വാസം' നാടകം**

ജോൺപോൾ പ്രോലൈഫ് സമിതിയുടെ ജീവോൻമുഖ പ്രവർത്തനങ്ങൾക്കായും വലിയ കുടുംബ ക്ഷേമ പദ്ധതികൾ ക്കായുമുള്ള ധനശേഖരണാർത്ഥം ഓഗസ്റ്റ് 14 വെള്ളിയാഴ്ച വൈകിട്ട് 6.00 മണിക്ക് തൃശ്ശൂർ വ്യാകുല മാതാവിൻ ബസിലിക്ക ഹാളിൽ വച്ച് കോഴിക്കോട് സങ്കീർത്തന തിയറ്റേഴ്സിന്റെ 'ശ്വാസം' എന്ന നാടകം അവതരിപ്പിക്കുന്നു. ഏവർക്കും സ്വാഗതം. Contact For Entry Pass : 9846142576, 7012146211.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്



# പിതൃവേദി

**പിതൃവേദിക്ക് പുതിയ യൂണിറ്റുകൾ**

പൊങ്ങണംകാട്, കല്ലൂർ വെസ്റ്റ് എന്നീ ഇടവകകളിൽ പിതൃവേദി യൂണിറ്റുകൾ ആരംഭിച്ചു. പൊങ്ങണംകാട് ഇടവകയിൽ വികാരി ബഹു. ജോബി ചുള്ളിക്കാടൻ അച്ചന്റെ നേതൃത്വത്തിൽ പിതൃവേദി സംഘടന രൂപീകരിച്ചു. പ്രഥമ പൊതുയോഗവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും വിജയകരമായി നടന്നു. കല്ലൂർ വെസ്റ്റ് ഇടവകയിൽ പിതൃവേദി പതാക ഉയർത്തികൊണ്ട് അതിരൂപത ഡയറക്ടർ പിതൃവേദി ഉദ്ഘാടനം ചെയ്തു.

**പിതൃവേദി ഇടവക വാർഷികങ്ങൾ**

വെങ്ങിണിശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിൽ പിതൃവേദി വാർഷിക ആഘോഷങ്ങൾക്ക് പിതൃവേദിയുടെ സ്ഥാപക ഡയറക്ടർ ബഹു. ഫാ. ഡെന്നി താണിക്കൽ നേതൃത്വം വഹിച്ചു. അതിരൂപത ഡയറക്ടറും അതിരൂപത സെക്രട്ടറി ശ്രീ ജോബി ഫ്രാൻസിസും സന്നിഹിതരായിരുന്നു. വടക്കേ കാരമുക്ക് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വാർഷിക ആഘോഷങ്ങൾക്ക് ഇടവക വികാരി ബഹു. പ്രതീഷ് കല്ലറക്കൽ നേതൃത്വം കൊടുത്തു. അതിരൂപത ഡയറക്ടറും, അതിരൂപത പ്രസിഡണ്ട് ശ്രീ ജോസഫ് സാറും സന്നിഹിതരായിരുന്നു.

**പിതൃവേദി കാരുണ്യപ്രവൃത്തികൾ**

മുണ്ടൂർ പരിശുദ്ധ കർമ്മലമാതാ ദൈവാലയത്തിൽ പിതൃവേദിയുടെ നേതൃത്വത്തിൽ അർഹരായ വ്യക്തികളിലേക്ക് വസ്ത്രങ്ങൾ എത്തിക്കുവാനായി ക്ലോത്ത് ബാങ്ക് ആരംഭം കുറിച്ചു. വെങ്ങിണിശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിൽ പിതൃവേദി വാർഷികത്തോടനുബന്ധിച്ച് സൗജന്യ നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ശ്രീ. ജോസഫ് പി. ടി** , പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ആഗസ്റ്റ് - 7,8,9 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രം, നെടുപുഴയിൽ വച്ച് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 7 വെള്ളിയാഴ്ച  വൈകീട്ട് 6 മണി മുതൽ 9 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF SPIRITUAL  DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ആഗസ്റ്റ് 8-ാം തിയ്യതി കാച്ചേരി മഡോണ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF  ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ ആഗസ്റ്റ് 23-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ
**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**അഭയകിരണം പദ്ധതിയിലേക്ക് അപേക്ഷിക്കാം**

അശരണരായ സ്ത്രീകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന അഭയകിരണം പദ്ധതി 2026- 27 വർഷത്തേക്കുള്ള അപേക്ഷ വനിത ശിശുവികസന വകുപ്പ് ഓൺലൈനായി ക്ഷണിച്ചു. ഇവരെ സംരക്ഷിക്കുന്ന വ്യക്തിക്ക് പ്രതിമാസം 1000 രൂപ വീതം ധന സഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

കൂടുതൽ വിവരങ്ങൾക്ക് വനിത ശിശു വികസന വകുപ്പിന് കീഴിലുള്ളതും ബ്ലോക്ക് തലത്തിലും മുൻസിപ്പാലിറ്റി തലത്തിലും പ്രവർത്തിക്കുന്ന ശിശു വികസന പദ്ധതി ഓഫീസർമാരുടെ കാര്യാലയങ്ങളിൽ ബന്ധപ്പെടണം. ഫോൺ: 0477-2960147.

**പാരിഷ് ഫെസിലിറ്റേഷൻ സെന്റർ**

സമുദായ ശാക്തീകരണവർഷത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലും പാരിഷ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നു. ഇടവകക്കാർക്ക് പള്ളിമുറ്റത്ത് തന്നെ ന്യൂനപക്ഷ അവകാശങ്ങൾ, വിവിധ സർക്കാർ അനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ etc. എന്നിവ ലഭിക്കുന്നു. ഇടവകകളിൽ പി.എഫ്.സി സ്ഥാപിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ സഹായസഹകരണങ്ങൾ ചെയ്യാൻ സന്നദ്ധമാണ്.

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപ്പസ്സ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
CsabnÂ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ,** കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ,** ജോ. കൺവീനർ

# ചിൽഡ്രൻസ് മിനിസ്ട്രി

**അതിരൂപതാ സാഹിത്യമത്സരം 2026**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2026 ജൂലൈ 11ന് ശനിയാഴ്ച രാവിലെ 10.30ക്ക് കുരിയച്ചിറ, സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വച്ച് തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി എന്നീ സംഘടനകളുടെ കുട്ടികൾക്കായുള്ള അതിരൂപതാ സാഹിത്യമത്സരങ്ങൾ സംഘടിപ്പിച്ചു. തിരുബാലസഖ്യം, അൾത്താരസംഘം ജൂനിയർ, അൾത്താരസംഘം സീനിയർ, ജൂനിയർ സി എൽ സി എന്നീ നാല് വിഭാഗങ്ങളിലെ കുട്ടികൾക്കായി ചെറുകഥ, കവിത, ഉപന്യാസം, പെൻസിൽ ഡ്രോയിങ് എന്നീ മത്സരങ്ങളാണ് നടത്തിയത്. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 1600 ൽ അധികം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഓരോ പ്രവർത്തനങ്ങളിലും കൂടുതൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന അതിരൂപതയിലെ മിടുക്കരായ എല്ലാ കുഞ്ഞുങ്ങളോടും നന്ദിയും സ്നേഹവും അഭിനന്ദനങ്ങളും അറിയിക്കുന്നു. മത്സരഫലം 2026 ഓഗസ്റ്റ് 15 ന് ഉള്ളിൽ അറിയിക്കുന്നതാണ്.

**ഫൊറോന പ്രമോട്ടേഴ്സ് മീറ്റിംഗ്**

വരാനിരിക്കുന്ന ഫൊറാന, അതിരൂപത കലാമത്സരങ്ങളുടെ നടത്തിപ്പിനെ സംബന്ധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, മത്സര ഇനങ്ങളുടെ നിയമങ്ങളിലും നിബന്ധനകളിലും വരുത്തിയിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് വ്യക്തത വരുത്തുന്നതിനുമായി ജൂലൈ 21, 2026 ചൊവ്വാഴ്ച ഡി.ബി.സി.എൽ.സി ഹാളിൽ വെച്ച് ഒരു യോഗം ചേരുന്നതാണ്. ഏറ്റവും പുതിയ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും ചർച്ച ചെയ്യേണ്ടത് അത്യാവശ്യമായതിനാൽ, എല്ലാ പ്രൊമോർട്ടർമാരും കൃത്യസമയത്ത് തന്നെ യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബൈബിൾ പൂക്കളം 2026**

ചിൽഡ്രൻസ് മിനിസ്ട്രി തൃശൂരിന്റെ നേതൃത്വത്തിൽ കുഞ്ഞുമനസ്സുകളിൽ ദൈവവചനം നിറയ്ക്കാനായി സംഘടിപ്പിക്കുന്ന വേറിട്ട മത്സരമായ 'ബൈബിൾ പൂക്കളം 2026'ലേക്ക് എല്ലാ കൊച്ചു കൂട്ടുകാരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

വർണ്ണക്കടലാസുകൾ കൊണ്ട് ബൈബിൾ വചനങ്ങൾ എഴുതി മനോഹരമായ പൂക്കളം തീർക്കുന്ന ഈ മത്സരം 2026 ആഗസ്റ്റ് 2ന് കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വെച്ച് നടക്കും. കൃത്യം മൂന്ന് മണിക്കൂർ സമയം കൊണ്ട് പൂർത്തിയാക്കേണ്ട ഈ മത്സരത്തിന്റെ വിഷയം 'പ്രകൃതി: ദൈവത്തിന്റെ കൈയൊപ്പ്' എന്നതാണ്. ഒന്നാം സമ്മാനമായി 4000 രൂപയും, രണ്ടാം സമ്മാന മായി 2000 രൂപയും, മൂന്നാം സമ്മാനമായി 1000 രൂപയും മെഡലുകളും സർട്ടിഫിക്കറ്റുകളും ജേതാക്കൾക്ക് ലഭിക്കും. പ്രോത്സാഹന സമ്മാ നർഹർക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ CLC അംഗങ്ങളായ 10 കുട്ടികളും 2 മുതിർന്നവരും അടങ്ങുന്ന ടീമായിരിക്കണം മത്സരിക്കേണ്ടത്. ടീം അംഗങ്ങളുടെ മെമ്പർഷിപ്പ് കാർഡും ബാഡ്ജും നിർബന്ധമാണ്. മത്സരത്തിനാവശ്യമായ 100 കളർഡ് A4 ഷീറ്റുകളും ഒരു വെള്ള ചാർട്ട് പേപ്പറും പശയും സംഘാടകർ നൽകുന്നതാണ്. പുറത്തുനിന്നുള്ള പേപ്പറുകളോ മുൻകൂട്ടി തയ്യാറാക്കിയ രൂപങ്ങളോ പ്രിന്റ് ചെയ്ത കാര്യങ്ങളോ ഉപ യോഗിക്കാൻ പാടില്ലാത്തതാണ്. മത്സരദിവസം നല്കപ്പെടുന്ന A4 പേപ്പറുകൾ സ്വന്തമായി മുറിച്ച് ഡിസൈൻ ചെയ്താണ് വചനങ്ങൾ എഴുതേണ്ടത്. വചനം പകർത്തി എഴുതുന്നതിനായി ബൈബിൾ കൊണ്ടുവരാവുന്നതാണ്. ടീച്ചർമാർക്ക് കുട്ടികളെ സഹായിക്കാമെങ്കിലും വചനങ്ങൾ എഴുതാൻ പാടുള്ളതല്ല. മലയാളത്തിലോ ഇംഗ്ലീഷിലോ മത്സരിക്കാവുന്നതാണ്. 300 രൂപ യാണ് രജിസ്ട്രേഷൻ ഫീസ്. കുറഞ്ഞത് 10 ടീമുകൾ ഉണ്ടെങ്കിൽ മാത്രമേ മത്സരം നടക്കുകയുള്ളൂ. ഒരു ഇടവകയിൽ നിന്ന് എത്ര ടീമുകൾക്ക് വേണമെങ്കിലും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി സോണിയ വർഗീസ് (HC Archdiocesan Animator) 9847532588 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. മികച്ച പൂക്കളങ്ങൾ ഓണം സമയത്ത് DBCLCയിൽ പ്രദർശിപ്പിക്കും. ബൈ ബിൾ വചനങ്ങൾ കൊണ്ട് ഹൃദയവും പൂക്കളവും നിറയ്ക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തുക.

**ബെർക്കുമെൻസ് ദിനാചരണം**

അൾത്താരസംഘം കുട്ടികൾ ആഗസ്റ്റ് 13 ന് അവരുടെ മധ്യസ്ഥ നായ വിശുദ്ധ ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ഇടവകതല ത്തിൽ ആചരിക്കണം എന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം സംഘാടനാംഗങ്ങൾ വി. കുർബാനയിൽ കാഴ്ച്ച സമർപ്പണം നടത്തുന്നതും വി. കുർബാനയ്ക്കുശേഷം പതാക ഉയർത്തുന്നതും ഉചിതമാണ്. അൾത്താരസംഘത്തിന്റെ പതാക

ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**ഫൊറോനതല കലാ മത്സരങ്ങൾ 2026**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി സംഘടനകളിലെ കുട്ടികൾക്കായുള്ള ഫൊറോനതല കലാമത്സരങ്ങൾ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ഫൊറോനകളിൽ നടത്തുന്നതായിരിക്കും. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലോത്സവത്തിന്റെ പൊതുനിർദേശങ്ങളും എൻട്രി ഫോമുകളും തരുന്നതിനെ സംബന്ധിച്ച വിവരങ്ങൾ ഫൊറോന തലത്തിൽ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

**തിരുവചനം :** നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് (മത്തായി 5:14).

**സുകൃത ജപം:** യേശുവേ, നിന്റെ സ്നേഹത്തിന്റെ വെളിച്ചമായി എന്നെ മാറ്റണമേ.

**പ്രാർത്ഥനാ നിയോഗം :** കർത്താവായ യേശുവേ, ഏകാന്തതയിലും തിരക്കിലും ജീവിക്കുന്ന എല്ലാവരിലേക്കും നിന്റെ സ്നേഹത്തിന്റെ വെളിച്ചം എത്തിക്കണമേ. ഞങ്ങളെയും നിന്റെ സുവിശേഷത്തിന്റെ സാക്ഷികളായി മാറ്റി, സഹോദരസ്നേഹത്തിലൂടെ നിന്റെ സാന്നിധ്യം മറ്റുള്ളവർക്ക് അനുഭവിപ്പിക്കാൻ കൃപ നൽകണമേ.

പരിചയപ്പെടുന്ന വിശുദ്ധ: സിസ്റ്റർ മരിയ ട്രോൺകാറ്റി: 1883 ഫെബ്രുവരി 16ന് ഇറ്റലിയിലെ ബ്രെസിയയിലാണ് (Brescia) മരിയ ട്രോൺകാറ്റി ജനിച്ചത്. വലിയൊരു കർഷക കുടുംബത്തിൽ വളർന്ന അവർക്ക് ചെറുപ്പം മുതലേ ദൈവവിശ്വാസത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും താൽപ്പര്യമുണ്ടായിരുന്നു. തന്റെ 21-ാം വയസ്സിൽ, അതായത് 1904ൽ, അവർ സലേഷ്യൻ സന്യാസ സമൂഹത്തിൽ ചേർന്നു. ഒന്നാം ലോകമഹായുദ്ധകാലത്ത് (WWI) അവർ ഇറ്റലിയിലെ വനറ്റോയിൽ (Veneto) ഒരു റെഡ് ക്രോസ് നഴ്സായി സേവനമനുഷ്ഠിച്ചു. യുദ്ധത്തിൽ പരിക്കേറ്റ സൈനികരെ പരിചരിക്കുന്നതിലൂടെ മികച്ച നഴ്സിംഗ് പരിചയവും കരുണാർദ്രമായ ഒരു മനസ്സും അവർ നേടിയെടുത്തു.

തന്റെ വലിയൊരു ആഗ്രഹപ്രകാരം 1922ൽ സിസ്റ്റർ മരിയ ഇക്വഡോറിലേക്ക് മിഷനറിയായി യാത്ര തിരിച്ചു. അവിടെയുള്ള ആമസോൺ കാടുകളിലെ 'ഷുവാർ' (Shuar) എന്ന തദ്ദേശീയ ഗോത്രവർഗ്ഗക്കാർക്കിടയിലേക്കാണ് അവർ നിയോഗിക്കപ്പെട്ടത്. ദുർഘടമായ കാട്ടുപാതകളും വന്യമൃഗങ്ങളും രോഗങ്ങളും നിറഞ്ഞ

അന്തരീക്ഷത്തിൽ അവർ ഒരു നഴ്സായും, ഡോക്ടറായും, അധ്യാപികയായും, സുവിശേഷകയായും ഒരേസമയം പ്രവർത്തിച്ചു. അക്കാലത്ത് ഗോത്രവർഗ്ഗക്കാർക്കിടയിൽ നിലനിന്നിരുന്ന ആഭ്യന്തര കലഹങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലാതാക്കാൻ അവർ കഠിനമായി ശ്രമിച്ചു. അവർക്കായി ആശുപത്രികളും സ്കൂളുകളും സ്ഥാപിക്കുന്നതിൽ സിസ്റ്റർ മരിയ പ്രധാന പങ്കുവഹിച്ചു. അവിടുത്തെ ജനങ്ങൾ സ്നേഹത്തോടെ അവരെ 'മാദ്രെ മരിയ' (അമ്മ മരിയ) എന്ന് വിളിച്ചു. നീണ്ട 46 വർഷത്തെ കാട്ടുപ്രദേശങ്ങളിലെ സേവനത്തിന് ശേഷം, 1969 ഓഗസ്റ്റ് 25ന് ഇക്വഡോറിൽ വെച്ചുണ്ടായ ഒരു വിമാനാപകടത്തിൽ സിസ്റ്റർ മരിയ മരണമടഞ്ഞു. അവരുടെ വിശുദ്ധമായ ജീവിതവും ത്യാഗങ്ങളും കണക്കിലെടുത്ത്, കത്തോലിക്കാ സഭ 2012 നവംബർ 24ന് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ കാലത്ത് അവരെ 'വാഴ്ത്തപ്പെട്ടവൾ' (Blessed) ആയി പ്രഖ്യാപിച്ചു.2025 ഒക്ടോബർ 19 ന് ലെയോ പതിനാലാമൻ മാർപാപ്പ അവരെ വിശുദ്ധയായി പ്രഖ്യാപിച്ചു. ആമസോൺ മേഖലയിലെ മിഷണറി പ്രവർത്തനങ്ങളുടെ ഒരു വലിയ പ്രതീകമായി സിസ്റ്റർ മരിയ ട്രോൺകാറ്റി ഇന്നും ഓർമ്മിക്കപ്പെടുന്നു.

**പ്രവർത്തനം** : ഏകാന്തത അനുഭവിക്കുന്ന ഒരാളെയെങ്കിലും സന്ദർശിക്കുകയോ ഫോൺ ചെയ്ത് സംസാരിക്കുകയോ ചെയ്ത് യേശുവിന്റെ സ്നേഹം പങ്കുവയ്ക്കുക.

**ഫാ. പോൾ മുട്ടത്ത്,** ഡയറക്ടർ

**സി. ജീജ** SSPC, കോർഡിനേറ്റർ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ

**സെൻട്രൽ കൗൺസിൽ**

തൃശ്ശൂർ സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ പുതിയ അംഗങ്ങൾക്കും കോൺഫറൻസ് ഭാരവാഹികൾക്കുമായി മേഖല അടിസ്ഥാനത്തിൽ വിൻസെൻഷ്യൻ കോംപ്ലക്സിൽ വെച്ച് നിയമാവലി പഠന ക്ലാസ് സംഘടിപ്പിച്ചു. തൃശ്ശൂർ ഈസ്റ്റ്, കൊട്ടേക്കാട്, പട്ടിക്കാട്, പുത്തൂർ എന്നീ ഏരിയ കൗൺസിലുകളിലെ അംഗങ്ങൾ പങ്കെടുത്തു. ബ്രദർ കെ. കെ. പോൾസൺ, സിസ്റ്റർ റീന ജെയിംസ്, ബ്രദർ സി. കെ. വിൽസൺ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സെൻട്രൽ കൗൺസിൽ അംഗങ്ങളുടെയും ഏരിയ

കൗൺസിൽ ഭാരവാഹികളുടെയും സംയുക്ത യോഗത്തിൽ വരുംവർഷത്തെ പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു.

സെൻട്രൽ കൗൺസിൽ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക ഹാളിൽ വെച്ച് പരിസ്ഥിതി ദിനാഘോഷവും സെമിനാറും നടത്തി. ബസിലിക്ക അസിസ്റ്റന്റ് വികാരി ഫാ. എഡ്വിൻ ജോർജ്ജ് അപ്പക്കോട്ടിൽ സെമിനാർ ഉദ്ഘാടനം ചെയ്ത്; ഇന്നത്തെ കാലഘട്ടത്തിൽ സഹായം ആവശ്യമുള്ളവരെ തിരിച്ചറിഞ്ഞ് അവർക്ക് സ്നേഹവും പിന്തുണയും സഹായവും നൽകാൻ വനിതാ അംഗങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിച്ചു. ഡോ. മേരി റെജീന മുഖ്യപ്രഭാഷണം നടത്തി. സംഘടന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, ഗ്രൂപ്പ് ചർച്ചകൾ, ക്ലോത്ത് ബാങ്കിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവയും യോഗത്തിൽ ചർച്ചയായി.

**കണ്ടശ്ശാംകടവ് ഏരിയ കൗൺസിലിന്റെ വജ്ര ജൂബിലി;**

തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ദിവ്യബലി അർപ്പിച്ച് ആഘോഷങ്ങൾക്ക് ഭക്തിനിർഭരമായ തുടക്കം കുറിച്ചു. തുടർന്നു നടന്ന പൊതുയോഗത്തിൽ വടക്കൻ പുതുക്കാട് ആത്മീയോപദേഷ്ടാവ് ഫാ. ജോസ് എടക്കളത്തൂർ അധ്യക്ഷത വഹിച്ചു. വെരി. റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഉദ്ഘാടനം ചെയ്തു. സി. സി. ആത്മീയോപദേഷ്ടാവ് ഫാ. ജിക്സൺ താഴത്ത്, സി. സി. പ്രസിഡന്റ് ബ്രദർ കെ. കെ. പോൾസൺ, എ. സി. പ്രസിഡന്റ് സിസ്റ്റർ മരിയ ജിനി, സി. സി. വൈസ് പ്രസിഡന്റ് ബ്രദർ ടി. യു. ജെയ്സൺ എന്നിവർ സംസാരിച്ചു.

**റവ. ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മീകോപദേഷ്ടാവ്
**ബ്രദർ കെ. കെ. പോൾസൺ**
പ്രസിഡന്റ്

# മദ്യവിരുദ്ധസമിതി

**1. സ്ത്രീകളിൽ മദ്യപാന ശീലം കൂടുന്നു**

സ്ത്രീകളിൽ മദ്യപാനശീലം കൂടുന്നുവെന്നും മദ്യം കുടുംബങ്ങളെ തകർക്കുന്നുവെന്നും മദ്യ-ലഹരിവിരുദ്ധ സമിതിയെ എല്ലാവരും പിന്തുണയ്ക്കണമെന്നും കേരള കാർഷിക

സർവ്വകലാശാല രജിസ്ട്രാർ ദാമ ഡോ. മേരി രജീന പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി, തൃശൂർ അതിരൂപത വടൂക്കര ലിറ്റിൽ ഫ്ളവർ ദൈവാലയ അങ്കണത്തിൽ സംഘടിപ്പിച്ച മാറ്റ് ടാൽബോത്ത് അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രസംഗിക്കുകയായിരുന്നു അവർ. കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി, തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ വാഴ്ത്തപ്പെട്ട മാറ്റ് ടാൽബോത്തിനെ അനുസ്മരിച്ചു.

**2. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം**

കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി, തൃശൂർ അതിരൂപത അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ പബ്ലിക് സ്കൂളിൽ നടന്ന പരിപാടിയ്ക്ക് വെട്ടുകാട് സ്നേഹാശ്രമം ഡയറക്ടർ റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ ഉദ്ഘാടകനായി. കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി, തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷകനായ യോഗത്തിന് അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസാണ് അദ്ധ്യക്ഷനായത്. സെന്റ് ജോസഫ്സ് സ്കൂൾ അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കര, സെന്റ് ജോസഫ്സ് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ജോൺ പോൾ എന്നിവർ ആശംസയർപ്പിച്ച് പ്രസംഗിച്ചു. സ്കൂൾ വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ഗാനം ആലപിച്ചു. അതിരൂപത പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശ്രീ. ജോസ് വടക്കേത്തല കൃതജ്ഞതയരുളി. ശ്രീ. റോബിൻ റാഫേൽ, ശ്രീ. ടി.വി. വിൻസെന്റ്, എഡ്മണ്ട് പന്തല്ലൂക്കാരൻ തുടങ്ങിയവരാണ് നേതൃത്വം നൽകിയത്.

വലപ്പാട്, പട്ടിക്കാട്, സ്നേഹപുരം, പൊങ്ങണംകാട് തുടങ്ങിയ ഒട്ടേറെ യൂണിറ്റുകളിൽ ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പതാക ഉയർത്തൽ, ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കൽ, റാലികൾ, ബോധവത്ക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയുണ്ടായി. വടക്കാഞ്ചേരി ക്ലേലിയ സ്കൂളിൽ പ്രസിഡന്റ് ശ്രീ. സി. പി. ഡേവീസ് ക്ലാസ്സെടുത്തു. ശ്രീ. ലിന്റോ ഫ്രാൻസീസാണ് നേതൃത്വം കൊടുത്തത്. മിഷൻ ക്വാർട്ടേഴ്സ് സെന്റ് ജോസഫ്സ് സ്കൂളിൽ (ലാറ്റിൻ) ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ലഹരിവിരുദ്ധ സന്ദേശം നൽകി. വിവിധ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ ദിനാചരണം വിജയപ്രദമാക്കാൻ സഹകരിച്ച എല്ലാവർക്കും കൃതജ്ഞതയും അഭിനന്ദനങ്ങളും സമ്മാനിക്കുന്നു.

**3. യൂണിറ്റ് രൂപീകരണം**

മറ്റം ഫൊറോനയിലെ ആളൂർ ഇടവകയിൽ തൃശൂർ അതിരൂപത മദ്യ-ലഹരിവിരുദ്ധ സമിതിയുടെ പുതിയ യൂണിറ്റ് 12.06.26 ന് നിലവിൽ വന്നു. ഡയരക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ദിവ്യബലിക്കുശേഷം വികാരി റവ. ഫാ. ജാക്സൻ ചാലക്കലിന്റെ അദ്ധ്യക്ഷതയിൽ അതിരൂപത പ്രസിഡന്റ് ശ്രീ. സി.പി. ഡേവീസ് ക്ലാസ് നയിച്ചു. എല്ലാവർക്കും ലഹരിവിരുദ്ധ ലഘുലേഖകൾ വിതരണം ചെയ്തു. പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് നേതൃത്വം നൽകി. ശ്രീ. സിംസൺ പ്രസിഡന്റായി പുതിയ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു. ഡയറക്ടറച്ചന്റെ സമാപന പ്രാർത്ഥനയോടു കൂടി സമ്മേളനത്തിന് പരിസമാപ്തിയായി.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ,** ഡയറക്ടർ
**ശ്രീ. ലിന്റോ ഫ്രാൻസിസ്,** പി.ആർ.ഒ.

## കെ. സി. വൈ. എം.

**കർമ്മ പദ്ധതി പ്രകാശനം, മീഡിയ സെൽ രൂപീകരണം.**

കേരള കേത്താലിക്ക യുവജന പ്രാനത്തിന്റെ (KCYM) 2026-27 കാലഘട്ടത്തിലെ പ്രവർത്തനങ്ങളലേക്കുള്ള ചുവട്വെയ്പിന്റെ ഭാഗമായി 'ദിയോസ് 2026' കർമ്മ പദ്ധതി പ്രകാശനം, മീഡിയ സെൽ രൂപീകരണം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവഹിച്ചു. അതിരൂപത പ്രസിഡന്റ് ഷഫിനോ സൈമൺ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അസിൻ എം ജെ, ഡയറക്ടർ റവ ഫാ. അജിത്ത് കൊള്ളന്നൂർ, ആനിമേറ്റർ സിസ്റ്റർ ആൻസി മരിയ, വൈസ് പ്രസിഡന്റ് ഡെന്ന ജോസഫ്, മറ്റു സെക്രട്ടറിയേറ്റ് അംഗങ്ങൾ നേതൃതം നൽകി. വിവിധ ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ശുചിത സാഗരം...സുന്ദര തീരം സംഘടിപ്പിച്ചു.**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ നേതൃതത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും സന്ദേശം ഉയർത്തിപ്പിടിച്ച് 'ശുചിത സാഗരം - സുന്ദര തീരം' കടൽത്തീര ശുചീകരണം മെയ് 31ന് പാലയൂർ ഫൊറോനയിലെ

മിനി വാഗമൺ ചാവക്കാട് കടപ്പുറത്ത് സംഘടിപ്പിച്ചു. കെ.സി.വൈ.എം. പാലയൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ നടന്ന പരിപാടി ചാവക്കാട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീ. എ.എച്ച്. അക്ബർ ഉദ്ഘാടനം ചെയ്തു. പാലയൂർ ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് ഊക്കൻ അധ്യക്ഷത വഹിച്ചു. കടൽത്തീരത്ത് അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിനങ്ങളും മറ്റ് അജൈവ മാലിനങ്ങളും ശേഖരിച്ച് പരിസരം ശുചീകരിച്ച പ്രവർത്തനത്തിൽ കെ.സി.വൈ.എം. അതിരൂപതയുടെ സെക്രട്ടറിയേറ്റ് അംഗങ്ങളും പാലയൂർ ഫൊറോനയുടെയും വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രവർത്തകരും ആവേശപൂർവം പങ്കാളികളായി.

**തോമസ് മൂർ അനുസ്മരണം പ്രയാൺ ഫെറോന വിസിറ്റും**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖത്തിൽ, കൊട്ടേക്കാട് ഫൊറോനയുടെ നേതൃതത്തിൽ ജൂൺ 21ന് സെന്റ് മേരീസ് അസംപ്ഷൻ ദേവാലയത്തിൽ വെച്ച് വിശുദ്ധ തോമസ് മൂർ അനുസ്മരണം പ്രയാൺ ഫൊറോന വിസിറ്റും ഭക്തിനിർഭരമായി സംഘടിപ്പിച്ചു. വിശുദ്ധ കുർബാനയോടെയായിരുന്നു പരിപാടികൾക്ക് തുടക്കമായത്. തുടർന്ന് വിശുദ്ധ തോമസ് മൂറിന്റെ തിരുസ്വരൂപത്തിൽ പുഷ്പാർച്ചനയും, ഷെവലിയാർ പട്ടം സീകരിച്ച അഡ്വ. ബിജു കുണ്ടുകുളത്തെയും നിയമരംഗത്തേക്ക് കടന്നുവന്ന തൃശ്ശൂർ അതിരൂപതയിലെ നവഅഭിഭാഷകരെയും ആദരിക്കലും നടന്നു. കെ.സി.വൈ.എം. കൊട്ടേക്കാട് ഫൊറോന പ്രസിഡന്റ് ഗോഡ്വിൻ ആന്റോ സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ഷിനോ സൈമൺ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഉദ്ഘാടനം നിർവഹിക്കുകയും, കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ, റവ. ഫാ. അജിത്ത് കൊള്ളന്നൂർ ആമുഖസന്ദേശം നൽകുകയും ചെയ്തു. കെ.സി.വൈ.എം. കൊട്ടേക്കാട് ഫൊറോന ഡയറക്ടർ റവ. ഫാ. ആന്റോ ചിറയത്ത് മുഖപ്രഭാഷണം നടത്തി. കൊട്ടേക്കാട് ഫൊറോന വികാരി റവ. ഫാ. ഫ്രാങ്കോ കവലക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. അനുസ്മരണ പരിപാടികൾക്ക് ശേഷം കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ 'പ്രയാൺ' ഫൊറോന വിസിറ്റിന് തുടക്കമായി. കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് ഷിനോ സൈമൺ പദ്ധതിക്ക് നേതൃതം നൽകി. അതിരൂപത ഭാരവാഹികൾ വിവിധ ഇടവക യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, യുവജന ശുശ്രൂഷ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങളും ഭാവി പ്രവർത്തന പദ്ധതികളും അവതരിപ്പിക്കുകയും

ചെയ്തു. ക്ലാസ് നയിച്ചത് അഡ്വ. ബിജു കുണ്ടുകുളം ആയിരുന്നു. ശ്രീ. ആന്റോ തൊറയൻ (മുൻ കെ.സി.വൈ.എം. പ്രസിഡന്റ്, കത്തോലിക്ക കോൺഗ്രസ് അതിരൂപത ജോയിന്റ് സെക്രട്ടറി) പ്രഭാഷണം നടത്തി.

**പതാക ദിനാചരണവും ഫൊറോന വിസിറ്റും**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ പഴുവിൽ ഫൊറോനയിൽ സംഘടിപ്പിച്ച പതാക ദിനാചരണവും ഫൊറോന വിസിറ്റും ശ്രദ്ധേയമായി. സെന്റ് ആന്റണീസ് ദേവാലയം, പുത്തൻപീടികയിൽ നടന്ന പതാക ദിനാചരണ ചടങ്ങിൽ പഴുവിൽ ഫൊറോന കെ.സി.വൈ.എം. ഡയറക്ടർ ഫാ. ജിന്റോ പെരേപ്പാടൻ ആമുഖപ്രഭാഷണം നടത്തി. തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. പ്രസിഡന്റ് ഷിനോ സൈമൺ അധ്യക്ഷത വഹിച്ച സമ്മേളനം സെന്റ് മേരീസ് ഫൊറോന ദേവാലയം, പഴുവിൽ വികാരി റവ. ഫാ. ജോബ് വടക്കൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് തൃശ്ശൂർ അതിരൂപ ത കെ.സി.വൈ.എം. ഡയറക്ടർ ഫാ. അജിത് കൊള്ളന്നൂർ അംഗത്വ വിതരണം നിർവഹിച്ചു. പഴുവിൽ ഫൊറോന പ്രസിഡന്റ് ഗോഡ്വിൻ കരിയാട്ടി, പുത്തൻപീടിക കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് ആൽബിൻ എ. ജെ. എന്നിവർ ആശംസകൾ നേർന്നു. ചടങ്ങിൽ മുൻ തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. സെക്രട്ടറിയേറ്റ് അംഗം ജുവിൻ ജോസ്, ഏഷ്യൻ ഇൻഡോർ ചാമ്പ്യൻഷിപ്പ് 2026 വെങ്കല മെഡൽ ജേതാവ് ആൻസി സോജൻ എന്നിവരെ ആദരിച്ചു. പരി പാടിയുടെ ഭാഗമായി പതാക ഉയർത്തൽ, പ്രതിഷ്ഠ പുതുക്കൽ, കെ.സി.വൈ.എം. ശാക്തീകരണ പ്രകടന റാലി, പൊതുസമ്മേളനം, മെമ്പർഷിപ്പ് വിതരണം എന്നിവയും സംഘടിപ്പിച്ചു. അതിരൂപതാ നേതൃത്വത്തിന്റെ പ്രയാൺ ഫൊറോന വിസിറ്റും നടന്നു. ഫൊറോന യിലെ വിവിധ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതി നുള്ള നിർദേശങ്ങളും ചർച്ചകളും നടത്തുകയും ചെയ്തു.

**പ്രതിഷേധ റാലി.**

തൃശ്ശൂർ ജൂബിലി മിഷൻ-അമല ആശുപത്രികളിലെ നഴ്സുമാരുടെ സമരത്തിന്റെ മറവിൽ, തൃശ്ശൂർ അതിരൂപത അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ അധിക്ഷേപിക്കാനും, അതി രൂപതാ ആസ്ഥാനത്തെ ലക്ഷ്യം വച്ച് അവഹേളനങ്ങൾ നടത്താ നുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾക്കെതിരെ കെ.സി.വൈ.എം തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി സംഘടിപ്പിച്ചു. തൃശ്ശൂർ ബിഷപ്സ് ഹൗസിൽ നിന്ന് ആരംഭിച്ച പ്രതിഷേധ റാലി തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ

ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് ഷഹിനോ സൈമൺ അധ്യക്ഷത വഹിച്ച പ്രതിഷേധ സദസ്സിൽ കത്തോലിക്ക കോൺഗ്രസ് തൃശ്ശൂർ അതിരൂപത ട്രഷറർ റോണി അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ ആശംസകൾ അറിയിച്ചു.

**ഫാ. അജിത്ത് കൊള്ളന്നൂർ**, ഡയറക്ടർ

**ഫാ. അനു ചാലിൽ, അസിസ്റ്റന്റ്** ഡയറക്ടർ

## സീനിയർ സി. എൽ .സി .

അമല, ജൂബിലി മിഷൻ ആശുപത്രികളിൽ നടക്കുന്ന യുഎൻഎ നേഴ്സുമാരുടെ സമരത്തിന്റെ മറവിൽ തൃശ്ശൂർ അതിരൂപതയെയും അതിരൂപത അധ്യക്ഷനേയും വ്യക്തിഹത്യ നടത്തുവാൻ ശ്രമിക്കുന്നതിനെതിരെ ശക്തമായി അപലപിച്ച് തൃശ്ശൂർ അതിരൂപത സി.എൽ.സി നേതൃത്വം. അതിരൂപത സി.എൽ.സി ഓഫീസിൽ ചേർന്ന യോഗം മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായ്ക്കും തൃശ്ശൂർ അതിരൂപതയ്ക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചു. തൃശ്ശൂർ അതിരൂപത സംസ്ഥാന സി.എൽ.സി പ്രമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, അതിരൂപത സി.എൽ.സി പ്രസിഡന്റ് ഗ്ലോറിൻ ജോയ്, നാഷണൽ സി.എൽ.സി സെക്രട്ടറി ഡിൽജോ തരകൻ, അതിരൂപത സെക്രട്ടറി അജയ്, ട്രഷറർ സിൽജോ, വൈസ് പ്രസിഡന്റ് ആൻ തെരേസ എന്നിവർ സംസാരിച്ചു. 2026 ജൂലൈ 12 ന് തൃശ്ശൂർ ടൗൺഹാളിൽ വെച്ചു നടക്കുന്ന പ്രതിരോധ സംഗമത്തിന് പൂർണ പിന്തുണയും പ്രഖ്യാപിച്ചു...

**ഫാ. ഫ്രജോ വാഴപ്പിള്ളി,** ഡയറക്ടർ

**ഫാ. സന്തോഷ് അന്തിക്കാട്ട്**, അസി. ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

തൃശൂർ അതിരൂപത ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം ജൂൺ മാസത്തെ മീറ്റിംഗ് തൃശൂർ പാസ്റ്ററൽ സെന്ററിലുള്ള ലീജിയന്റെ ഹാളിൽ വെച്ച് ആദ്ധ്യാത്മികനിയന്താവ് റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കരയുടേയും, പ്രസിഡന്റ് ബ്ര. സണ്ണി കാട്ടൂക്കാരന്റേയും സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി. ഓഗസ്റ്റ് 8നു ശനിയാഴ്ച അതിരൂപതാതലത്തിൽ ഉപവാസ ആരാധനാ ദിന മായി ആചരിക്കുവാൻ തീരുമാനിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും, ജനനതിരുന്നാളിന്റെയും ഭാഗമായി നടത്തുന്ന ഈ ഉപവാസ ആരാധനാദിനം എല്ലാ മരിയൻ സൈനികരേയും പ ങ്കെടുപ്പിച്ചു കൊണ്ട് വളരെ വിപുലമായിതന്നെ നടത്തുവാൻ ആ വശ്യമായ ഒരുക്കങ്ങൾ നടത്തുവാൻ ഡയക്ടറച്ചൻ ഭാരവാഹികളെ ചുമതലപ്പെടുത്തി. ആരാധനയുടെ സമാപനത്തിൽ അച്ചന്റെ കാർമ്മികത്വത്തിൽ വി.കുർബ്ബാനയും ഉണ്ടായിരിക്കും ജൂലൈ മാസത്തിലെ മീറ്റിംഗിൽ ആരാധനയുടെ നോട്ടീസ് വിതരണം ചെയ്യാമെന്ന് പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു .

**ഫാ. ഇഗ്നേഷ്യസ് നന്തിക്കര**, ആധ്യാത്മികോപദേഷ്ടാവ്
**സണ്ണി കാട്ടൂക്കാരൻ,** പ്രസിഡന്റ്

# കേരള ലേബർ മൂവ്മെന്റ്

**1. കെ എൽ എം തൊഴിൽ ദിനം സംഘടിപ്പിച്ചു**

കെ.എൽ.എം തൊഴിലാളി ഫോറങ്ങൾ–സംഘടന സംവിധാന വും, ശാക്തീകരണവും എന്ന വിഷയത്തെക്കുറിച്ച് പാസ്റ്റർ സെന്ററിൽ വെച്ച് ഭാരവാഹികളുടെ ഒരുയോഗം ഉച്ചകഴിഞ്ഞ് 2.30 ന് നടത്തുകയുണ്ടായി. കെ.എൽ.എം. ഡയറക്ടർ ഫാ പോൾ മാളിയമ്മാവ് യോഗം ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന പ്രസിഡണ്ട് ശ്രീ ജോസ് മാത്യു ഊക്കൻ മുഖ്യപ്രഭാഷണം നടത്തി, ഫോറം പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റുകളിലും സജീവമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും നൽകി, പ്രസിഡണ്ട് മോളി ജോബി,

ജനറൽ സെക്രട്ടറി ബേബി വാഴക്കാല, ട്രഷറർ ഫ്രൻജി ആന്റണി, സ്റ്റേറ്റ് സെക്രട്ടറി ബിജു ചിറയത്ത്, വൈസ്. പ്രസിഡന്റ് റോബസ്സ് UTA കൺവീനർ ഷാജു ആന്റണി, വനിതാ ഫോറം കൺവീനർ ബേബി ഡേവീസ്, എന്നിവർ ആശംസകൾ നേർന്നു.

**2. കെ.എൽ.എം. തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തു.**


അസംഘടിത തൊഴിലാളികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ എംപവർ ക്രാഫ്റ്റ് പ്രൊജക്റ്റിന്റെ 'ഭാഗമായി കെ.എൽ.എം. അംഗങ്ങൾക്ക് ആട്, തൊഴിലുപകരണങ്ങളായ തയ്യൽ മെഷിൻ, പെയിൻറിംഗ് കംപ്രസ്സർ & ഗൺ, മാർബിൾകട്ടർ, ആംഗിൾ ഗ്രൈൻഡർ, മെയ്സൻ കിറ്റ്, ഗ്രസ്സ് കട്ടർ, അർബ്വാന തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്തു. വിതരണോ ദ്ഘാടനം തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര നിർവ്വഹിച്ചു. കെ.എൽ.എം തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് ആമുഖ പ്രഭാഷണം നടത്തി. കെ.എൽ.എം അതിരൂപത പ്രസിഡന്റ് മോളി ജോബി അദ്ധ്യക്ഷത വഹിച്ചു. ജന.സെക്രെട്ടറി ബേബി വാഴക്കാല, ട്രഷറർ ഫ്രൻജി ആന്റണി, സ്റ്റേറ്റ് സെക്രട്ടറി ബിജു ചിറയത്ത്, വൈ. പ്രസിഡന്റുമാരായ റോബസ്സ് പറപ്പുള്ളി, ബേബി ഡേവിസ് UTA കൺവീനർ ഷാജു ആന്റണി, എന്നിവർ പ്രസംഗിച്ചു.

## കരുണ ട്രസ്റ്റ്
## വിദ്യാഭ്യാസ സഹായത്തിന്
## അപേക്ഷ ക്ഷണിച്ചു.

അതിരൂപത കരുണ ട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളി ടെക്നിക്ക്, ഐ. ടി.സി., പാരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ 2026 ആഗസ്റ്റ് 15ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം 2026 ആഗസ്റ്റ് 1 മുതൽ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വൈബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

ഫാ. ഷിജോ ചിരിയങ്കണ്ടത്ത്,
സെക്രട്ടറി, കരുണാട്രസ്റ്റ്,
ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005,
(ഫോൺ: 0487 2333325)
എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. ഷിജോ ചിരിയങ്കണ്ടത്ത്**
സെക്രട്ടറി



വൈദീകരുടെ മദ്ധ്യസ്ഥൻ
**വി. ജോൺ വിയാനിയുടെ തിരുനാൾ**
ആഗസ്റ്റ് 4





നവീകരിച്ച ചിയ്യാരം സേവനാലയം പള്ളിയുടെ
മുഖവാരവും മദ്ബഹായും

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.07.2026
**August - 2026**












## 12.07.2026 നു നടന്ന പ്രതിരോധ സംഗമം

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor